KOTTAYAM PUBLIC LIBRARY

Call No. MA2 Acc. No. 70935

Author നാരായണപിള്ള

Title പാശ്ചാത്യദർശനം

UNIVERSITY OF TRAVANCORE.

TRIVANDRUM MALAYALAM SERIES No. 70.

KOTTAYAM PUBLIC LIBRARY
70935
* KOTTAYAM.

# SRĪ VĀSUDĒVASTAVAM

EDITED BY

P. K. NĀRĀYAṆA PILLAI, M. A., M. A., Ph. D.,

*Curator,*

*University Manuscripts Library,*

*Trivandrum.*

TRIVANDRUM:

PRINTED BY THE SUPERINTENDENT, GOVERNMENT PRESS,

1948=1123 (M. E.).

*All Rights Reserved.*]

[Price — Chs 7.

MA2

# അവതാരിക

## I

ഈശ്വരാവതാരമായ ശ്രീകൃഷ്ണന്റെ ബാലലീലകളെ സങ്കീർത്തനം ചെയ്യുന്ന 'വാസുദേവസ്തവ'മെന്ന ഈ പ്രാചീനമലയാളകൃതി ഭക്തജനങ്ങൾക്കും സഹൃദയലോകത്തിനും ഒരുപോലെ ഹൃദ്യമായിരിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി തിരുവിതാംകൂർ സർവകലാശാലാ ഭാഷാഗ്രന്ഥാവലിയിൽ 70-ാംനമ്പരായി പ്രകാശനം ചെയ്തുകൊള്ളുന്നു. തെക്കേ മലബാറിൽ പ്രസിദ്ധമായ കൂടല്ലൂർമനയ്ക്കൽനിന്നും സംഗ്രഹിച്ച ഒരു പഴയ താളിയോലഗ്രന്ഥമാണ് ഈ പ്രസിദ്ധീകരണത്തിന്റെ മാതൃക. മററു മാതൃകകൾ ശേഖരിക്കുന്നതിന് ചെയ്ത യത്നം വിഫലമായിത്തീരുകയാലും, പലതുകൊണ്ടും പ്രാധാന്യമർഹിക്കുന്ന ഈ കൃതിയുടെ പ്രസിദ്ധീകരണം താമസിപ്പിക്കുന്നത് ശരിയായിരിക്കയില്ലെന്നു തോന്നുകയാലും ആണ്, ഒരു മാതൃകയെ മാത്രം ആസ്പദമാക്കി ഇതിന്റെ പ്രസാധനം നടത്താമെന്ന് തീരുമാനിച്ചത്. സർവകലാശാലാഹസ്തലിഖിതഗ്രന്ഥാലയത്തിൽ 732-ാംനമ്പരായ ഗ്രന്ഥത്തിലുള്ള ഒൻപതു പത്രങ്ങളിലായി ഈ കൃതി ലേഖനം ചെയ്തിരിക്കുന്നു. ബാക്കിയുള്ള പത്രങ്ങളിൽ എഴുതിയിരിക്കുന്നത് താഴെ പറയുന്ന കൃതികളാണ്.

1. നളോപാഖ്യാനം.
2. ദേവീമാഹാത്മ്യം.
3. അംബരീഷോപാഖ്യാനം.
4. അനന്തപുരവർണ്ണനം. *
5. ശങ്കരനാരായണസ്തവം.
6. അർദ്ധനാരീശ്വരസ്തവം.
7. ചില സ്തോത്രങ്ങൾ:—
   മാധവസ്തുതി, കൃഷ്ണസ്തുതി, മതിചൂതപഞ്ചകം, തിരുനാവായപ്പനെക്കുറിച്ചുള്ള സ്തുതി, പന്തലൂരംബികാസ്തവം.
8. ഭാരതമാലയിലെ ചില പാട്ടുകൾ.

ആദ്യത്തെ മൂന്നും പ്രാചീനഗദ്യകൃതികളാണ്. ഇവയും അടുത്ത മൂന്നുപദ്യകൃതികളും വളരെ താമസം കൂടാതെ പ്രസിദ്ധീകരിക്കുവാൻ സാധിക്കുമെന്നു വിശ്വസിക്കുന്നു. മാധവസ്തുതി ഗാനരൂപത്തിലുള്ള കീർത്തനമാണ്. അതിന്റെ രീതി കാണിക്കുവാൻ ചില വരികൾ ഉദ്ധരിക്കാം.

---

* ഈ കൃതിയിലുള്ള ഒരു ഭാഗം മഹാകവി ഉള്ളൂർ. എസ്സ്. പരമേശ്വരയ്യർ അവർകൾ 'സഹൃദ'യയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

$320^{5}/23$

"വത്സരൂപം കററു മെല്ലേ വന്ന ദൈത്യം കൊൻറ നീയെൻ
ചിത്തമോദം നൽകുകെൻറ മാതവാ!
സകലലോകധ്വംസശീലം പിന്നെ വന്നോരാദിനകായം
ബകനെ മെല്ലെക്കൊൻറ വീരാ മാതവാ"

കൃഷ്ണസ്തുതിയിൽ, ആദ്യമായി നാരായണൻെറ അപദാനങ്ങളെ പരാമർശിച്ചശേഷം കൃഷ്ണലീലകളെ വർണ്ണിച്ചിരിക്കുകയാണ്. ഈ കൃതി ഇങ്ങനെ ആരംഭിക്കുന്നു:

"നാരായണ പര നാരായണ ഖല
നാരായണ പരിപാലയ മാം
പര നാരായണ ദുരിതനിവാരണ
പരമകൃപാലയ പാലയ മാം
മീനായ് വേദം വീണ്ട പിരാനേ
ദീനജനപ്രിയ പാലയ മാം."

ഒരേ വൃത്തത്തിലുള്ള നൂറ് ഈരടികളോളം ഈ കൃതിയിൽ അടങ്ങിയിരിക്കുന്നു.

'പനമണ്ണ്'ക്ഷേത്രത്തിലെ കൃഷ്ണസ്വാമിയെ വാഴ്ത്തുന്നതും 'കുസുമമഞ്ജരീ'വൃത്തത്തിൽ വിരചിതവുമായ ഒരു മനോഹരസ്തോത്രമാണ് 'മതിചൂതപഞ്ചകം'*. പദ്യങ്ങൾ എല്ലാം അവസാനിക്കുന്നത് "പനമണ്ണമന്നമതിചൂതനെന്മനസി ഭാസതാം" എന്നാണ്. 'മതിചൂതൻ' മധുസൂദനൻെറ തദ്ഭവമായിരിക്കണം. കവിതന്നെ പറയുന്നതുപോലെ "തേനൊടൊത്ത പദസഞ്ചയേന" ചമച്ചതായ ഈ കൃതിയിലെ അഞ്ചാമത്തെ പദ്യമാണ് അടിയിൽ ചേർക്കുന്നത്.

"ആച്ചിമാർ മനയിൽ മച്ചകത്തുറിയിൽ
വച്ചിരുന്ന തയിർ വെണ്ണ പാൽ
കാൽച്ചിലമ്പൊലിയെ മെല്ലവേ...
പരിമാച്ച ചെൻറു പരുകിൻറവൻ,
വാച്ചകാലികളെ മേച്ചവൻ, മഹിത-
കാശ്യപാദിമുനിവന്ദിതൻ,
മാച്ചെഴാത 'പനമണ്ണ്'മന്ന
'മതിചൂത'നെന്മനസി ഭാസതാം."

* 'മാതൃഭൂമി' ആഴ്ചപ്പതിപ്പിൽ പണ്ഡിതർ ഇ. വി. രാമൻനമ്പൂതിരിഅവർകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

തിരുനാവായപ്പനേയും പന്തലൂരംബികയേയും കുറിച്ചുള്ള സ്തോത്രങ്ങളുടെ കുറച്ചുഭാഗം മാത്രമേ ഗ്രന്ഥത്തിൽ കാണുന്നുള്ളു.

ഭാരതമാലയിൽ ആരണ്യപർവ്വത്തിലുള്ള രാമായണകഥാസംക്ഷേപത്തിലെ ഇരുപത്തിരണ്ടു ഗീതങ്ങളും ഈ ഗ്രന്ഥത്തിലെ ചില ഓലകളിൽ പകർത്തിയിരിക്കുന്നു. ഭാരതമാലയുടെ മററു ചില ഏട്ടുകളുമായി താരതമ്യപ്പെടുത്തിയതിൽ ഈ ഭാഗം അശുദ്ധിജടിലമാണെന്ന് കാണുവാൻ കഴിഞ്ഞു.

വാസുദേവൻെറ ജനനം മുതൽ കംസവധം വരെയുള്ള കഥകളെ കീർത്തനരൂപത്തിൽ പ്രതിപാദിച്ചിരിക്കുക നിമിത്തം പ്രകാശ്യമാനമായ ഈ കൃതിക്ക് 'വാസുദേവസ്തവം' എന്നു നാമകരണം ചെയ്തിരിക്കുകയാണ്. ഈ കൃതിയുടെ കർത്തൃദത്തമായ നാമധേയം—അങ്ങനെ ഒന്നുണ്ടെങ്കിൽ എന്താണെന്നു അറിവായിട്ടില്ല.

ഇത്രയധികം പ്രാചീനമലയാളകൃതികൾ അടങ്ങിയിരിക്കുന്ന ഈ ഗ്രന്ഥം ഹസ്തലിഖിതഗ്രന്ഥാലയത്തിലെ വിലയേറിയ ഒരു സമ്പാദ്യമാണ്. ൧൦൵ ഇഞ്ച് നീളവും ൧൵ ഇഞ്ചു വീതിയുമുള്ള ൧൧൯ പത്രങ്ങൾ ഇതിലുണ്ട്. ജീർണ്ണത നിമിത്തം നഷ്ടപ്പെട്ടിരിക്കുന്ന ഭാഗം പുസ്തകത്തിൽ കുത്തിട്ടും മററും സൂചിപ്പിച്ചിരിക്കുന്നു.

## II

ഭാരതീയജനതയുടെ സാംസ്കാരികനഭോമണ്ഡലത്തിൽ ശ്രീകൃഷ്ണഭാസ്കരൻ ഉദയം ചെയ്തിട്ട് കുറഞ്ഞപക്ഷം മൂന്നുനാല് സഹസ്രാബ്ദങ്ങളെങ്കിലും കഴിഞ്ഞിരിക്കണം. ആര്യസംസ്കാരത്തിൻെറ ആദിരേഖകളായ വേദസംഹിതകളിലും ബ്രാഹ്മണങ്ങളിലും ശ്രീകൃഷ്ണനെക്കുറിച്ചുള്ള പ്രസ്താവം കാണുന്നില്ല. എന്നാൽ ആർഷമതത്തിൻെറ അരുണോദയത്തിലെ ദേവതാസങ്കല്പവുമായി നിശ്ശേഷം ബന്ധരഹിതനായ ഒരു അവതാരമൂർത്തിയല്ല ശ്രീകൃഷ്ണഭഗവാൻ. സംഹിതാകാലത്തെ ദേവതാമണ്ഡലത്തിൽ അതിപ്രധാനമായ സ്ഥാനമാണ് വിഷ്ണുവിനുണ്ടായിരുന്നത്. ആ വിഷ്ണുവിനും പുരാണേതിഹാസങ്ങളിൽ പ്രസിദ്ധനായ വിഷ്ണുവിനും തമ്മിൽ സാരമായ പല വ്യത്യാസങ്ങളും കാണ്മാനുണ്ട്. എങ്കിലും ആദിവിഷ്ണുവിൻെറ ഒരു രൂപാന്തരമായി ദ്വിതീയവിഷ്ണുവിനെ പരിഗണിക്കാവുന്നതാണ്. പുരാണാദികളിൽ സർവശക്തനായി കീർത്തനം ചെയ്തിരിക്കുന്ന വിഷ്ണുവിൻെറ അവതാരമാണല്ലോ ശ്രീകൃഷ്ണൻ.

ഇങ്ങനെ സംഹിതാദികളിൽ പരാമൃഷ്ടനായിട്ടില്ലെങ്കിലും അവയിലെ ഒരു പ്രമുഖദേവതയായ വിഷ്ണുവിനോട് ഏതാണ്ട് അഭിന്നനായിട്ടാണ് കാലാന്തരത്തിൽ ശ്രീകൃഷ്ണൻ ആരാധിക്കപ്പെട്ടുവരുന്നതെന്ന വസ്തുത വിസ്മരിച്ചുകൂടാത്തതാകുന്നു.

ശ്രീകൃഷ്ണനെ ഐശ്വരമായ മഹിമാതിശയത്തോടുകൂടി ആദ്യമായി ചിത്രീകരിച്ചുകാണുന്നതു് പുരാണങ്ങളിലും ഇതിഹാസങ്ങളിലുമാണ്. എന്നാൽ ഈ കൃതികളുടെ നിർമ്മിതിക്കു മുൻപായി കൃഷ്ണനെപ്പററി വേറെ എവിടെ എങ്കിലും രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് ചരിത്രദൃഷ്ട്യാ അന്വേഷിക്കുന്നതു് ഉചിതമായിരിക്കുമല്ലോ. ഋഗ്വേദത്തിന്റെ ൮-ാമത്തെയും, ൧൦-ാമത്തെയും മണ്ഡലങ്ങളിൽ ചില മന്ത്രങ്ങളുടെ ദ്രഷ്ടാവിന്റെ നാമധേയം കൃഷ്ണൻ എന്നാണ്. ഈ കൃഷ്ണനേയും ഭാവിയിലെ ഈശ്വരാവതാരത്തേയും തമ്മിൽ സംബന്ധിപ്പിക്കുവാൻ പറയത്തക്ക തെളിവുകളൊന്നുംതന്നെ ലഭിച്ചിട്ടില്ല. ഛാന്ദോഗ്യോപനിഷത്തിൽ ദേവകീനന്ദനനായ ഒരു കൃഷ്ണനെപ്പററി പ്രസ്താവം കാണുന്നുണ്ട്. ഘോര ആംഗിരസൻ എന്ന ഗുരു കൃഷ്ണന് അത്യുത്കൃഷ്ടങ്ങളായ വേദാന്തതത്വങ്ങൾ ഉപദേശിച്ചുകൊടുത്തതായി അതിൽനിന്നു മനസ്സിലാക്കാം. അനന്തരകാലങ്ങളിൽ സീമാതീതമായി വികസിച്ചുവന്ന കൃഷ്ണകഥകളുടെ ബീജം ഈ ഉപനിഷദ്ഭാഗത്തു കാണുമെന്ന് ചില ചരിത്രപണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു.

ഛാന്ദോഗ്യോപനിഷത്തിലെ പരാമർശത്തിനും ശ്രീകൃഷ്ണവൈഭവത്തെ സമർത്ഥമായി പ്രഖ്യാപനം ചെയ്യുന്ന മഹാഭാരതരചനയ്ക്കും മദ്ധ്യേ ഉണ്ടായിരിക്കാവുന്ന കൃഷ്ണപരങ്ങളായ കൃതികളെക്കുറിച്ച് നമുക്ക് യാതൊന്നും അറിവാൻ ഇടയായിട്ടില്ല. മഹാഭാരതത്തിൽ ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നീ മൂന്ന് ഈശ്വരന്മാർക്കും പ്രാധാന്യം കല്പിച്ചു കാണുന്നു. ഇവർ വൈദികകാലത്തെ ബ്രഹ്മാ, വിഷ്ണു, രുദ്രൻ എന്നീ ദേവതകളുടെ രൂപാന്തരങ്ങളാണ്. ഈ ത്രിമൂർത്തികളുടെ കൂട്ടത്തിൽ വിഷ്ണുവിന്റെ അവതാരമായ കൃഷ്ണന് ഉണ്ടായിരുന്ന സർവതോമുഖങ്ങളായ മാഹാത്മ്യങ്ങളെ വർണ്ണിച്ച് അവയ്ക്ക് അത്ഭുതസാഹിത്യത്തിൽ ശാശ്വതമായ പ്രതിഷ്ഠ മഹാഭാരതം സമാർജ്ജിച്ചുകൊടുത്തിരിക്കുന്നു. രണ്ടു സഹസ്രാബ്ദങ്ങളിൽ കൂടുതലായി കാശ്മീരം തൊട്ട് കന്യാകുമാരിവരെ ഭാരതത്തിന് സിദ്ധിച്ച പ്രചാരം ഭാരതീയരുടെ സാംസ്കാരികമായ ഐക്യത്തിന് നിദാനമായിത്തീർന്നിട്ടുണ്ടെന്ന് എടുത്തു പറയേണ്ടതില്ലല്ലോ. രാഷ്ട്രീയകലഹങ്ങൾ, വിദേശീയാക്രമണം, പ്രാദേശിക

വ്യത്യാസം തുടങ്ങിയ പല കാരണങ്ങളാലും, ഛിന്നഭിന്നമായ ഭാരതത്തിന് ഏകവദ്ഭാവം പ്രദാനം ചെയ്തത് ഭാരതവും രാമായണവുമായിരുന്നു; ശ്രീകൃഷ്ണനും ശ്രീരാമനും ആയിരുന്നു. ഈ സംസ്കാരം—ഭാരതീയരുടെ പരസ്സഹസ്രം വർഷങ്ങളിലെ ജീവിതസാരം—ഭാരതത്തിൻെറയും ഭാരതീയരുടേയും ഐക്യത്തിൻെറ അടിസ്ഥാനമായി എന്നും നിലനിൽക്കുമെന്നുള്ളതിന് യാതൊരു സംശയവുമില്ല.

ഹൈന്ദവമതഗ്രന്ഥങ്ങളുടെ അഗ്രപൂജയ്ക്ക് അർഹമായി പരിലസിക്കുന്ന ഭഗവദ്ഗീത കൃഷ്ണമതത്തിന് കൈവരുത്തിയിട്ടുള്ള പ്രചാരവും പുഷ്ടിയും സ്ഥിരതയും ഇത്രയെന്ന് നിർണ്ണയിക്കാവുന്നതല്ല. ഭാരതീയരുടെ മതപരങ്ങളായ ചിരകാലചിന്തകളുടെ പരിണതഫലമായ ബഹുമുഖതത്ത്വവിജ്ഞാനത്തിൻെറ പ്രവക്താവും, പരമമായ ഈശ്വരശക്തിയുടെ പ്രതിനിധിയുമായ ശ്രീകൃഷ്ണൻ ഭക്തന്മാരുടേയും ജ്ഞാനികളുടേയും ആരാധനാമൂർത്തിയായി പ്രശോഭിക്കുന്നു. യുക്തിവാദങ്ങൾ ചെയ്തിട്ടും ഉപദേശങ്ങൾ ചൊരിഞ്ഞിട്ടും തത്ത്വമാർഗ്ഗങ്ങൾ പ്രദർശിപ്പിച്ചിട്ടും അനിവൃത്തസംശയനായി നിലകൊണ്ട പാർത്ഥനിൽ വിശ്വരൂപദർശനം കൊണ്ട് തത്ത്വബോധം ജനിപ്പിച്ചതും മററും ആസ്തികന്മാരെ കൃഷ്ണഭക്തരാക്കിത്തീർത്തിരിക്കണം. ഭാരതത്തിന് വേദങ്ങളോടും ഭഗവദ്ഗീതയ്ക്ക് ഉപനിഷത്തുകളോടും തുല്യമായ സ്ഥാനം ലഭിച്ചതിൽനിന്ന് കൃഷ്ണമതത്തെ പ്രകാശിപ്പിക്കുന്ന ഈ ഗ്രന്ഥങ്ങളുടെ ഔത്കൃഷ്ട്യം വിശദമാകുന്നുണ്ടല്ലോ.

ഉപനിഷത്കാലംമുതല്ക്കുതന്നെ ശ്രീകൃഷ്ണന് മതപ്രതിഷ്ഠ സിദ്ധിച്ചു എങ്കിലും, അദ്ദേഹത്തെ അനുബന്ധിച്ചുള്ള കഥകൾ പലതും ഭാരതത്തിൻെറ രചനയ്ക്കുശേഷം ആവിർഭവിച്ചിട്ടുള്ളതാണെന്ന് ചില ഗവേഷകന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഒരു കൂട്ടർ ഈ കഥകളിൽ പലതിലും ക്രിസ്തുകഥകളുടെ അതിപ്രസരം കാണുന്നു. മറെറാരു കൂട്ടർ ശ്രീകൃഷ്ണൻതന്നെ ക്രിസ്തുവിനെ മാതൃകയാക്കി വിഭാവനചെയ്യപ്പെട്ട ഒരു ഈശ്വരാവതാരമാണെന്നും സിദ്ധാന്തിക്കുന്നു. പാശ്ചാത്യപണ്ഡിതന്മാരുടെ ഏതാദൃശങ്ങളായ അഭിപ്രായങ്ങൾ പലതും ഇതിനകം ഖണ്ഡിതങ്ങളായിട്ടുണ്ട്. ഇതേപ്പററി സവിസ്തരമായ ഒരു ചർച്ചയ്ക്ക് ഇവിടെ ഒരുമ്പെടുന്നില്ല.

സാധാരണജനങ്ങളുടെ ഇടയിൽ പ്രചരിച്ചുവരുന്നതും അവർക്കു വിശ്വാസം ജനിപ്പിക്കുന്നതുമായ കൃഷ്ണമതം രേഖപ്പെടുത്തിയിരിക്കുന്നത് വിഷ്ണുപരങ്ങളായ പുരാണങ്ങളിൽ—വിശേഷിച്ചും ഹരിവംശത്തിലും

വിഷ്ണുപുരാണത്തിലും ഭാഗവതപുരാണത്തിലും—ആണ്. ഇവയിൽ ശ്രീകൃഷ്ണന്റെ മഹിമാതിശയങ്ങളെ പ്രദ്യോതിപ്പിക്കുന്ന കഥകളെ സവിശേഷം വർണ്ണിച്ചിരിക്കുന്നു. ഈ കഥകൾ അനന്തരകാലങ്ങളിൽ ഒട്ടനേകം കൃതികളിലെ പ്രതിപാദ്യവസ്തുവായിത്തീർന്നിട്ടുണ്ടെന്നുള്ളത് സുവിദിതമാണല്ലോ. പൗരാണികകാലത്ത് ജനങ്ങൾക്ക് ശ്രീകൃഷ്ണനോടുണ്ടായിരുന്ന ഭക്തിപാരമ്യം വിഷ്ണുപുരാണത്തിലെ,

"ഏവമേകാഗ്രചിത്തേന
തന്മയേന ധൃതാത്മനാ
ജപ്തവ്യം യന്നിബോധൈതത്-
തത്സ്വനഃ പാർത്ഥിവനന്ദന!"

എന്ന ഉപദേശത്തിൽനിന്നും സ്പഷ്ടമാണ്.

മുകളിൽ സ്ഥൂലമായി പ്രതിപാദിച്ചവിധം കൃഷ്ണമതം വികാസം പ്രാപിച്ചപ്പോഴെല്ലാം ഭക്തിപ്രചുരങ്ങളായ പല കൃതികളും ആവിർഭവിച്ചു. ഭക്തന്മാർ ശ്രീകൃഷ്ണനെ വിവിധഭാവങ്ങളിൽ ആരാധിക്കുവാൻ തുടങ്ങി. പാർത്ഥസാരഥി, ഗോപീവല്ലഭൻ, ബാലഗോപാലൻ തുടങ്ങിയ വിശിഷ്ടഭാവങ്ങളിൽ ശ്രീകൃഷ്ണനെ വാഴ്ത്തുന്ന സ്തോത്രകാവ്യങ്ങൾ അനവധിയുണ്ട്. ഇക്കൂട്ടത്തിൽ ഗോപീവല്ലഭഭാവത്തിൽ കൃഷ്ണനെ മധുരമധുരമായി വർണ്ണിക്കുന്ന ജയദേവകൃതമായ ഗീതഗോവിന്ദം പ്രത്യേകം സ്മരണീയമാണ്. പതിനാറാംനൂററാണ്ടിൽ ശ്രീചൈതന്യൻ കൃഷ്ണനോടുള്ള ഭക്തി ഒരു കാമുകന്ന് കാമിനിയോടുള്ള പ്രേമബന്ധത്തോടു സദൃശമായിരിക്കണമെന്ന് സിദ്ധാന്തിച്ചു. ആ ശതാബ്ദത്തിൽതന്നെ ജീവിച്ചിരുന്ന വല്ലഭാചാര്യന്റെ പ്രസ്ഥാനത്തിൽ ശ്രീകൃഷ്ണന്റെ ബാലഗോപാലഭാവത്തിന് പ്രാധാന്യം കല്പിച്ചിരുന്നു.

ഒരു മതത്തിൽ പ്രാമാണികങ്ങളായ പല ഗ്രന്ഥങ്ങളും ഉണ്ടായിരിക്കാം; അത് പല പ്രസ്ഥാനങ്ങളായി വികസിച്ചെന്നും വരാം; അതിന്ന് താത്ത്വികമായ പല വിശദീകരണങ്ങളും കാണാം. എന്നാൽ മതവിശ്വാസികളായ സാധാരണജനങ്ങൾക്ക് ഇവയുമായി വലിയ പരിചയം സിദ്ധിക്കുവാനിടയില്ല. അവർക്ക് ഈശ്വരഭക്തി പുലർത്തുവാനും മതപരമായ അനുഭവം ലഭിക്കുവാനും ഏററവും സഹായകമായി നില്ക്കുന്നത്, ആ മതത്തിലെ ആരാധനാമൂർത്തിയെക്കുറിച്ചുള്ള ഭക്തിഭാവഭരിതങ്ങളായ കീർത്തനങ്ങളാണ്. ഭാരതത്തിലങ്ങോളമിങ്ങോളം, സംസ്കൃതത്തിലും പ്രാദേശികഭാഷകളിലും, കഴിഞ്ഞ അനേകം നൂററാണ്ടുകളിലായി നിർമ്മിതങ്ങളായ കൃഷ്ണസ്തോത്രങ്ങൾക്ക് കയ്യും കണക്കുമില്ല.

കേരളീയേതരന്മാരായ ഭക്തഗായകന്മാർ ശ്രീകൃഷ്ണകീർത്തനങ്ങൾകൊണ്ട് മതാന്തരീക്ഷത്തെ മുഖരിതമാക്കിക്കൊണ്ടിരുന്ന അവസരത്തിൽ കേരളത്തിലെ ഭക്താവതംസങ്ങളായ കവിവരേണ്യന്മാർ മൂകതയവലംബിച്ചിരുന്നില്ല. കേരളീയസാഹിത്യത്തിന്റെ വികാസാരംഭംമുതൽ ഇതിഹാസപുരാണാദികളെ ഉപജീവിച്ച് കവികൾ കാവ്യനിർമ്മിതി ചെയ്തുവന്നു; എന്നു മാത്രമല്ല, ഭിന്നഭിന്നങ്ങളായ മതപ്രസ്ഥാനങ്ങളെ അനുസരിച്ച് ഒട്ടനേകം കീർത്തനങ്ങളും അവർ നിർമ്മിച്ചിരുന്നു. ശ്രീകൃഷ്ണനെക്കുറിച്ചുള്ള കേരളീയസ്തോത്രങ്ങളുടെ കൂട്ടത്തിൽ കുലശേഖരന്റെ ഭക്തിപ്രചുരവും കലാലളിതവുമായ മുകുന്ദമാല, ലീലാശുകന്റെ കൃഷ്ണകർണ്ണാമൃതം, പൂന്താനത്തിന്റെ കർണ്ണാമൃതം, രാമപാണിവാദന്റെ മുകുന്ദശതകം തുടങ്ങിയ കൃതികൾ വളരെ പ്രശസ്തങ്ങളായിട്ടുള്ളവയാണല്ലോ. ഇവയുടെ ഗണനാപ്രസംഗത്തിൽ പൂന്താനത്തിന്റെ കർണ്ണാമൃതത്തിന്ന് പലതുകൊണ്ടും ഉത്കൃഷ്ടമായ ഒരു സ്ഥാനമാണ് കല്പിക്കേണ്ടിയിരിക്കുന്നത്. കാവ്യരസികത്വം, ഭക്തിപ്രചുരിമ തുടങ്ങിയ മററു മാഹാത്മ്യങ്ങളെ കൂടാതെ, പ്രാചീനതയും അതിന്റെ പ്രാധാന്യത്തെ വർദ്ധിപ്പിക്കുന്നു. മലയാളത്തിൽ കർണ്ണാമൃതത്തേക്കാൾ പ്രബന്ധപുഷ്ടിയും കാവ്യധർമ്മവും കൊണ്ട് ഗണനീയമായ മറെറാരു ബാലഗോപാലകീർത്തനം ഉള്ളതായി, സാഹിത്യചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ വാസുദേവസ്തവമെന്ന ഈ കീർത്തനഗ്രന്ഥം കർണ്ണാമൃതത്തേക്കാൾ പ്രാചീനമായ ഒരു വിശിഷ്ടകൃതിയാണെന്നുള്ളത് ഒരു പ്രസാധകന്ന് അസാമാന്യമായ അഭിമാനത്തോടുകൂടി പ്രസ്താവിച്ചുകൊള്ളട്ടെ.

## III

അനിഷേധ്യങ്ങളായ തെളിവുകളുടെ അഭാവംനിമിത്തം, ഈ കൃതിയുടെ കാലനിർണ്ണയം അതീവ ദുഷ്കരമായിരിക്കുന്നു. ഗ്രന്ഥത്തിൽ കവിയെക്കുറിച്ചോ കാലത്തെക്കുറിച്ചോ യാതൊരു പ്രസ്താവവും കാണുന്നില്ല. പ്രസിദ്ധങ്ങളായ മററു കൃതികളിൽനിന്നും ഇതേപ്പററി പറയത്തക്ക അറിവൊന്നും ലഭിക്കുവാനും തരമില്ല. ഈ നിലയിൽ പ്രകൃതകൃതിയുടെ കാലത്തെപ്പററി മററു ചില ഉപാധികളെ ആധാരമാക്കി ചില അഭ്യൂഹങ്ങൾ ചെയ്യുവാനേ നിവൃത്തിയുള്ളല്ലോ.

ഈ പ്രസിദ്ധീകരണത്തിന്ന് ആദർശമായി സ്വീകരിച്ചിരിക്കുന്ന താളിയോലഗ്രന്ഥത്തിന്റെ ജീർണ്ണാവസ്ഥയെപ്പററി മുകളിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ലേഖനകാലം രേഖപ്പെടുത്തിയിട്ടുള്ള മററു ഗ്രന്ഥങ്ങളുമായി താരതമ്യപ്പെടുത്തിനോക്കിയാൽ ഇതിന് 400 കൊല്ലത്തിൽ

കുറയാതെ പഴക്കം കല്പിക്കാമെന്നു തോന്നുന്നു. ഇതിലെ ലേഖനരീതിയുടെ പ്രാചീനതയും ഈ അഭ്യൂഹത്തിന് ഉപോദ്ബലകമായിരിക്കുന്നു. ഇങ്ങനെ താളിയോലകളുടെ ജീർണ്ണഭാവവും ലിപിവിന്യാസരീതിയും ആസ്പദമാക്കി നോക്കുമ്പോൾ പ്രസ്തുതകൃതിക്കു നാനൂറുകൊല്ലത്തിൽ കുറയാതെ പഴക്കമുണ്ടെന്നു തീരുമാനിക്കാവുന്നതാണു.

ആദർശഗ്രന്ഥത്തിൽ മററു ചില കൃതികൾ കൂടി ഉൾപ്പെട്ടിരിക്കുന്നതു് ഈ കൃതിയുടെ കാലനിർണ്ണയത്തിന് സഹായകമാകുമോ എന്നും പര്യാലോചിക്കേണ്ടതാണ്. അതിലെ ഒരു കൃതിയായ അനന്തപുരവർണ്ണനത്തിന്റെ ആരംഭത്തിലുള്ള—

“തമിൾസംസ്കൃതമെൻറുള്ള സുമനസ്സുകൾകൊണ്ടൊരു
ഇണ്ടമാല [1]തൊടുക്കിൻറേൻ പുണ്ഡരീകാക്ഷപൂജയാ.”

എന്ന എട്ടാമത്തെ ശ്ലോകം ലീലാതിലകത്തിലെ മണിപ്രവാളലക്ഷണമെന്ന ഒന്നാംശില്പത്തിൽ ഉദ്ധരിച്ചിരിക്കുന്നു. ലീലാതിലകത്തിന്റെ രചനാകാലം കൊല്ലവർഷം ൬-ാം നൂററാണ്ടായിരിക്കണമെന്നാണല്ലോ പല പണ്ഡിതന്മാരുടെയും അഭിപ്രായം.

ആദർശാരൂഢമായ മറെറാരു പ്രസിദ്ധകൃതിയാണ് ഭാരതമാല. ഈ കൃതി നിരണം കവികളിൽ ഒരാളായ ശങ്കരപ്പണിക്കരാൽ വിരചിതമാണെന്നാണ് പ്രഥ. അടുത്തകാലത്തു് ഹസ്തലിഖിതഗ്രന്ഥാലയത്തിലേക്കു് ഗ്രന്ഥങ്ങൾ സംഭരിച്ച കൂട്ടത്തിൽ ലഭിച്ച ഭാരതമാലയുടെ ഒരു മാതൃകയിൽ,

“ഇതി വെള്ളാങ്ങല്ലൂർ ശങ്കരവരചിതായാം ഭാരതമാലായാം സ്വർഗ്ഗാരോഹണപർവ്വം സമാപ്തം” എന്നിങ്ങനെ ഗ്രന്ഥസമാപ്തി കാണുന്നു. ‘വെള്ളാങ്ങല്ലൂർ’ വീട്ടുപേരാണോ നാട്ടുപേരാണോ എന്നും അതിന് നിരണം കവികളുമായി വല്ല ബന്ധവും ഉണ്ടോ എന്നും മററും അന്വേഷ്യമായിരിക്കുന്നു.[2] ഈ അന്വേഷണത്തിന്റെ ഫലം എന്തായിരുന്നാലും ഭാരതമാലയുടെ രചനാകാലം നിരണംകൃതികളുടെ കാലത്തിനോടു് അടുത്തിരിക്കുവാനേ തരമുള്ളു. നിരണംകൃതികളുടെ 614-ാമാണ്ടു് എഴുതിയ ചില പകർപ്പുകൾ പി. ഗോവിന്ദപ്പിള്ള കണ്ടിട്ടുണ്ടത്രേ.[3]

1. ലീലാതിലകത്തിലെ ഉദാഹരണത്തിൽ ‘തൊടുക്കുന്നേൻ’, എന്ന പാഠമാണു കാണുന്നതു്

2. കൊടുങ്ങല്ലൂരിനടുത്തു് വെള്ളാങ്ങല്ലൂർ എന്ന ഒരു പ്രദേശമുണ്ട്. അവിടെ മഠത്തിൽ ഇല്ലത്തിലെ നാരായണൻ എന്ന പണ്ഡിതൻ ഉത്തരരാമചരിതത്തിന് ഒരു വ്യാഖ്യാനം രചിച്ചിട്ടുള്ളതും പ്രസിദ്ധമാണ്

3. മലബാർ ഭാഷാചരിത്രം ഒന്നാംഭാഗം അഞ്ചാം അദ്ധ്യായം. ശ്രീ. ആർ. നാരായണപ്പണിക്കർ അവർകളും ഇങ്ങനെ ഒരു ഗ്രന്ഥം കണ്ടിട്ടുള്ളതായി പ്രസ്താവിച്ചിട്ടുണ്ട്.

ഇങ്ങനെ താളിയോലഗ്രന്ഥത്തിൻെറ പ്രാചീനതയും, 600-ാമാണ്ടി നോട് സമീപിച്ച് വിരചിതങ്ങളായ രണ്ടു ഗ്രന്ഥങ്ങൾ ഏട്ടിൽ പകത്തി വച്ചിരിക്കുന്ന സാഹചര്യവുംകൂടി ആലോചിച്ചു നോക്കുമ്പോൾ, വാസുദേവ സ്തവത്തിനും ഏതാണ്ട് അഞ്ചു നൂററാണ്ടോളം പഴക്കം കല്പിക്കാമെന്നു തോന്നുന്നു.

ഈ കൃതിയിലെ പ്രാചീനങ്ങളായ പദപ്രയോഗങ്ങളും ഭാഷാ ശൈലികളും, ഇതിൻെറ പഴക്കത്തെപ്പററി മേൽചെയ്ത അഭ്യൂഹത്തെ ബലപ്പെടുത്തുന്നതായിക്കാണാം. ചില പ്രാചീനപദങ്ങളും പ്രയോഗങ്ങളും എടുത്തു കാണിക്കാം.

I. പ്രാചീനപദങ്ങൾ.

| | | ശ്ലോകം |
|---|---|---|
| 1. | കററ് | 18 |
| 2. | ഇൻറ് | 20 |
| 3. | മിടാവ് | 21 |
| 4. | പരുക | 23 |
| 5. | ചിററൻ | 25 |
| 6. | ഉമിണ്ണ് | 26 |
| 7. | എയ്തു | 32 |
| 8. | തുരം | 38 |
| 9. | താച്ചി | 45 |
| 10. | പുണത്ത | 47 |
| 11. | അല്ലു് | 58 |
| 12. | ചീത് | 82 |
| 13. | ഇൻറി | 83 |
| 14. | കെല്ലടനെ | 93 |

II. വർണ്ണവ്യത്യയം.

(a) ന്ന = ൻറ

വെൻറ, എൻറിവ, നിൻറവൻ, നിൻറളു, എൻറ, കൊൻറവൻ, വെൻറി, കൻറ്.

(ശ്ലോകം 12, 14, 26, 30, 46, 57)

(b) ണ = ർണ്ണ

വാർണ്ണവൻ, വീർണ്ണവൻ (ശ്ലോകം, 2, 74)

(c) വ = മ

നിയതമും, കർണ്ണികാരമും, ഗീതമും (ശ്ലോകം 10, 58, 72)

(d) മൂവുലകം, പലവും (ശ്ലോകം 38, 39 )

## III. പ്രയോഗവിശേഷങ്ങൾ

| | | ശ്ലോകം |
|---|---|---|
| 1. | ഭയമിട്ട | 2 |
| 2. | അറക്കളഞ്ഞവൻ | 8 |
| 3. | വെൻറമേനിയൻ | 12 |
| 4. | വിർണ്ണുളാർകൾ | 11, 14, 17, 43 |
| 5. | മട്ടുമിർണ്ണമൊഴിമാർ | 20 |
| 6. | വെൻറിച്ചേരലൻ | 46 |

## IV. ലിംഗപ്രത്യയമില്ലാത്ത ബഹുവ്രീഹി

1. മൻറിൽമിക്കപുകഴ് (ശ്ലോകം 45)
2. ചട്ടറുംപുകഴ് (ശ്ലോകം 80)

## V. ഒരു മലയാളവാക്കിനു മാത്രം സംസ്കൃതപ്രത്യയം ചേർത്തു കാണുന്നു.

കാളയാ (ശ്ലോകം 40)

ഭാഷാപരങ്ങളായ ഈ പ്രത്യേകതകളും പ്രകൃതകൃതിയുടെ പ്രാചീനതയെ സവിശേഷം സൂചിപ്പിക്കുന്നുണ്ടല്ലോ.

സജാതീയമായ കർണ്ണാമൃതത്തോട് ഭാഷാരീതിയെ ആസ്പദമാക്കി വാസുദേവസ്തവത്തെ താരതമ്യപ്പെടുത്തുന്നതും അതിന്റെ പ്രാചീനത നിർണ്ണയിക്കുന്നതിന് സഹായകമായിരിക്കും. ഉണ്ണികൃഷ്ണന്റെ പിച്ചകളി വാസുദേവസ്തവത്തിൽ ഇങ്ങനെ വർണ്ണിച്ചിരിക്കുന്നു:

"വർണ്ണനീയചരണങ്ങൾ കൊണ്ടെട്ടു-
ഉണ്ണി വിച്ച വടിവോടു നിൻറവൻ
വിർണ്ണുളാർ തൊഴുത വല്ലവീസുതൻ
തിർണ്ണമെന്മനസി വാഴ്ക സന്തതം."

“(അ)മ്മ കൈതടവി മെല്ല മെല്ലവേ
സംവിധായ (ഹർഷ? ഹരിഷം) വ്രജൗകസാം
ന്നമ്മണാ നട പിടിച്ചിട്ടും പരം-
ബ്രഹ്മമെന്മനസി വാഴ്ക സന്തതം.”

“കാൽച്ചിലമ്പൊലി വളർത്തുപോയ് നട-
ന്നാച്ചിമന്ദിരമലങ്കരി(ച്ച)വൻ,
വാച്ച വേദവചനേന കേവലം
വാച്യനെന്മനസി വാഴ്ക സന്തതം”

(ശ്ലോകം ൧൮—൧൯)

സദൃശങ്ങളായ കൃഷ്ണലീലകളെ കണ്ണാമൃതത്തിൽ പൂന്താനം വർണ്ണിച്ചിരിക്കുന്നതു നോക്കുക:—

“ഉണ്ണിക്കാലും തളക്കോപ്പുകളുമരയിലെപ്പൊന്നരഞ്ഞാൺ കിഴിഞ്ഞി-
ട്ടുണ്ണിക്കൈകൊണ്ടൊരുണ്ണിപ്പലകയുടനെടുത്തിട്ടുമൊട്ടൊട്ടു വീണും
ഉണ്ണിക്കണ്ണൻ വരുമ്പോൾ തിരുവയർ നിറയെപ്പാലുമുണ്ടാപ്രസാദം
കണ്ണിൽ കാണായ്വരേണം രഹസി മമ കിനാവെങ്കിലും പങ്കജാക്ഷ!
ഉണ്ണിക്കാൽകൊണ്ടു നൃത്തങ്ങളുമര നിറയെക്കിങ്ങിണി പൊന്നരഞ്ഞാൺ
ഉണ്ണിക്കൈകൊണ്ടു താളങ്ങളുമണിമുടിയിൽ പിഞ്ഛവും കൊമ്പൽ [വായ്പും
ഉണ്ണിക്കണ്ണന്റെ പൂമെയ് കുഴൽവിളിയുമടുത്തുള്ള ചിൽപ്പിള്ളരും മേ
കണ്ണിൽക്കാണുന്നപോലെ മനതളിരിലുദിക്കേണമൊക്കപ്പൊഴെല്ലാം.”

കണ്ണാമൃതത്തിൽ കവി മരണസമയത്തു് ശ്രീകൃഷ്ണരൂപം മനസ്സിൽ പ്രതിഭാസിക്കണമെന്നു് പ്രാർത്ഥിക്കുന്ന ഒരു ശ്ലോകംകൂടി നോക്കുക:

“കുഞ്ചിക്കാലും കരത്താർകളുമണിമുഖവും
കണ്ണിലെക്കണ്ണെഴുത്തും
കിഞ്ചിൽ പോന്നങ്കുരിക്കും ദശനമുകുളവും
കൃഷ്ണ! ചെഞ്ചോരിവായും
പഞ്ചതാപം വന്നടുക്കുംപൊഴുതു മതി മറന്നങ്ങു
വീതീടുമപ്പോ-
ളെഞ്ചിത്തേ പോന്നുദിച്ചീട തവ തിരുവുടൽ-
ക്കുള്ള കോപ്പും മുരാരേ!”

ഈ ഭാഗങ്ങൾ താരതമ്യപ്പെടുത്തി വായിച്ചാൽ വാസുദേവസ്തവകർത്താവിന്റെ ഭാഷാരീതി പൂന്താനത്തിന്റേതിനേക്കാൾ വളരെ പ്രാചീനമാണെന്നു വ്യക്തമാകുമല്ലോ. മേൽ ചെയ്ത പ്രപഞ്ചനത്തിലെ

വസ്തുതകളെല്ലാംകൂടി പരിഗണിച്ച് വാസുദേവസ്തവത്തിന്റെ രചനാകാലം ൬൱-ാമാണ്ടോടടുത്തായിരിക്കണമെന്ന് അനുമാനിക്കുന്നതു് അനംഗീകാര്യമായി വരുവാനിടയില്ലെന്നു വിശ്വസിക്കുന്നു.

## IV

ഈ കൃതിയിലെ ഭാഷയിൽ കാണുന്ന ചില പ്രാചീനാംശങ്ങളെ മുകളിൽ പ്രകാശിപ്പിച്ചുവല്ലോ. എന്നാൽ ഇതിലെ ഭാഷാസരണിയെക്കുറിച്ച് ചില വസ്തുതകൾകൂടി പ്രസ്താവ്യങ്ങളായുണ്ട്. ആദ്യമായി പറയുവാനുള്ളതു് ഇതിൽ സർവാങ്ഗീണമായി കാണുന്ന സംസ്കൃതശൈലിയെപ്പററിയാണ്. സംസ്കൃതവിഭക്ത്യന്തങ്ങളോടുകൂടിയവയും അല്ലാത്തവയുമായ സംസ്കൃതശബ്ദങ്ങളുടെ ബാഹുല്യം കൂടാതെ സംസ്കൃതത്തിലെ പല ശൈലീവിശേഷങ്ങളും ധാരാളമായിക്കാണുവാൻ കഴിയും. ചില ഭാഗങ്ങൾ സംസ്കൃതമയങ്ങളായിരിക്കുന്നതു നോക്കുക:

൧. "ചൂതവാർമുലവിഷേണ ദൂഷിതം
വിതശങ്കമസുഭിഃ സമം പിബൻ (ശ്ലോകം ൭)

൨. രംഗമാണ്ണനടനേ യശോദത-
ന്നങ്കണേ ലളിതജാനുപാണിഭിഃ (,, ൧൰)

൩. അംഗനാഹൃദയഹാരിചേഷ്ടിതൈ-
രങ്കിതേന വപുഷാ കളിച്ചവൻ (,, ൧൯)

൪. വത്സപാലപശുപാലസഞ്ചയം
ദഗ്ധുമുദ്യതമരണ്യപാവകം
വക്ത്രരന്ധ്രഭുവി സംഗ്രഹിച്ചവൻ" (,, ൭൨)

സംസ്കൃതവും മലയാളവും രണ്ടു ഭിന്നഭാഷകളാണെന്നുള്ള ചിന്തയുടെ ലേശവും കൂടാതെ അവയിലെ പദങ്ങളെ യഥേച്ഛം കൂട്ടിയിണക്കുന്ന രീതി പലയിടത്തും പ്രത്യക്ഷമാകുന്നു.

൧. അംഗനാജനമനഃകുമുദചതീതിങ്കൾ (ശ്ലോകം ൧൰)
൨. വിണ്ണുള്ളാരരിബകാസുരം (,, ൪൰)
൩. കാചകുന്റിനവപല്ലവൈഃ (,, ൪൭)
൪. ആരളിവ്യകുസുമൈഃ (,, ൨൧)

വിശേഷണവിശേഷ്യങ്ങൾ ഒരേ വിഭക്തിയിലായിരിക്കണമെന്നുള്ള സംസ്കൃതനിയമം സംസ്കൃതമലയാളഭേദം കൂടാതെ പാലിച്ചു കാണുന്നു.

൧. ഉത്തമേന പുകഴാൽ (ശ്ലോകം ൪൨)

൨. അസുരം പ്രലംബനെ (" ൩൩)

൩. ശ്രീമതാ കുഴലുകൊണ്ടു് (" ൭൩)

൪. സംഗ്രഹിച്ചവനെ മൂഢചേതസം ശംഖചൂഡനെ! (" ൭൭)

സംസ്കൃതശൈലിയുടെ ശരിപ്പകർപ്പായ ചില പ്രയോഗങ്ങൾ ഇതിൽ കാണുന്നതു ശ്രദ്ധാർഹമാണു്.

൧. നിൻറവൻ നിഖിലലോകപാലനേ (നിഖിലലോകപാലനേ സ്ഥിതഃ) (ശ്ലോകം ൪൩)

൨. എത്തി മാതരം (മാതരം ഏത്യ) (" ൩൫)

൩. ക്രിയാമെത്തി (ക്രിയാമേത്യ) (" ൩൭)

'മഹഃ', 'വല്ലവീഭാഗ്യം', 'വല്ലവീപുണ്യം' 'രക്ഷസാം അന്തൻ" എന്നീ രീതിയിൽ ശ്രീകൃഷ്ണനെ ഉല്ലേഖനം ചെയ്തിരിക്കുന്നിടത്തും സംസ്കൃതത്തിൻെറ മുദ്ര കാണാം.

ഇങ്ങനെ സൂക്ഷ്മമായി ഇതിലെ ഭാഷാരീതിയെ അപഗ്രഥനം ചെയ്തു നോക്കിയാൽ അതിൽ സംസ്കൃതത്തിൻെറ അതിപ്രസരം വളരെ ഉണ്ടെന്നു സ്പഷ്ടമാകും. സംസ്കൃതത്തിലുള്ള പരിജ്ഞാനത്തെ പ്രധാനമായി അവലംബിച്ചാണു് ഈ കൃതി എഴുതിയിരിക്കുന്നതു് എന്നു തന്നെ പറയാം.

ബാലഗോപാലൻെറ ലീലാവിശേഷങ്ങളെപ്പോലെ കവികളുടെ ഭാവനാവൈഭവത്തെ ഉത്തേജനം ചെയ്യുന്ന മററു പ്രതിപാദ്യങ്ങൾ ദുർല്ലഭങ്ങളാണെന്നു സഹൃദയന്മാർ സമ്മതിക്കും. ഭാവനാമധുരങ്ങളായ കൃഷ്ണലീലകൾ ഭക്താവതംസങ്ങളായ കവികളുടെ കാവ്യദർപ്പണത്തിൽ പ്രതിഫലിക്കുമ്പോഴുണ്ടാകുന്ന ആനന്ദാതിശയം എന്തായിരിക്കുമെന്നു

കൃഷ്ണവിലാസം, കൃഷ്ണകർണ്ണാമൃതം, നാരായണീയം, കർണ്ണാമൃതം തുടങ്ങിയ കൃതികളുമായി പരിചയിച്ചിട്ടുള്ള ഭാവുകന്മാർക്ക് അനുഭവഗോചരമായിരിക്കും. ഈ കൃതികൾ വായിക്കുമ്പോൾ ഉണ്ടാകുന്ന കാവ്യാനുഭൂതിയോട് സജാതീയമായ ആനന്ദാതിശയം വായനക്കാരുടെ ഹൃദയത്തിൽ ഉൽപാദിപ്പിക്കത്തക്ക സാഹിത്യരസികത വാസുദേവസ്തവത്തിലും ഉണ്ടെന്ന് നിസ്സംശയം പ്രസ്താവിക്കാം. ഓരോ ശ്ലോകത്തിലും ശ്രീകൃഷ്ണന്റെ ഓരോ ലീലാവിശേഷം പരാമർശിക്കുകയും ആ 'വല്ലവീസുതനെ' ഓരോ രീതിയിൽ ഉല്ലേഖനം ചെയ്യുകയും ഓരോ ഭാവത്തിൽ വർണ്ണിക്കുകയും "എൻ മനസി വാഴ്ക സന്തതം" എന്നു പ്രാർത്ഥിക്കുകയുമാണ് ഈ കൃതിയിലെ പ്രതിപാദനരീതിയുടെ സാധാരണഗതി.

"രംഗമാണനടനേ യശോദത
നങ്കണേ ലളിതചാരുപാണിഭിഃ
അംഗനാജനമനഃകുമുദചന്ദ്രതീ-
തിങ്കളുന്മനസി വാഴ്ക സന്തതം." ൧൩

ഇതിന്റെ പൂർവാർദ്ധത്തിൽ ലളിതമോഹനമായ അംഗകങ്ങളോടുകൂടിയ ഉണ്ണികൃഷ്ണൻ അങ്കണത്തിൽ മുട്ടുകുത്തിനടക്കുന്ന ലീലാവിശേഷത്തെ വർണ്ണിച്ചതിനു ശേഷം ആ ഭാമനപ്പൈതലിനെ 'അംഗനാജനമനഃകുമുദചതീതിങ്കളായി' ഉല്ലേഖനം ചെയ്തിരിക്കുന്നു. ഒരു ഉദാഹരണം കൂടി നോക്കുക:—

"ദുഷ്ടകേശിയെ ഹയാകൃതിം വധി-
ച്ചിഷ്ടഗോപപശുപാലകം മഹഃ
ചട്ടറ്റം പുകഴ് ജഗത്ത്രയീമണി-
പ്പൂമെന്മനസി വാഴ്ക സന്തതം." ൪൦

ഇവിടെ പ്രഥമപാദംകൊണ്ടുതന്നെ അശ്വാകൃതിയായ കേശിയുടെ നിഗ്രഹം സൂചിപ്പിച്ചിട്ട് ഹൃദയമോഹനങ്ങളായ ഉല്ലേഖങ്ങൾ കവി പ്രയോഗിച്ചിരിക്കുന്നു. ഇങ്ങനെ ഈ കൃതിയിൽ കാണുന്ന ഉല്ലേഖങ്ങളുടെ കൂട്ടത്തിൽ പലതും സരസങ്ങളും പ്രകൃതാനുരൂപങ്ങളുമാണെന്നുള്ള വസ്തുത വിശദമാക്കുവാൻ അവയിൽ ചിലതു് ഉദ്ധരിക്കാം.

൧. രക്ഷസാം ചയതമസ്സിനുച്ചകൈകെരക്കൻ (ശ്ലോകം ൨)
൨. ഇന്ദിരാഹൃദയകൈരവേ സദാ ചന്ദ്രൻ ( ,, ൪)

൩. നാലുവേദനറുകാതൽ (ശ്ലോകം ൧൭)
൪. വല്ലവീപുണ്യം (,, ൨൯)
൫. ജഗത്ത്രയീപുണ്ഡ്രൻ (,, ൩൫)
൬. മനതാരിൽ യോഗിനോ ദീപം (,, ൬൩)
൭. വാട്ടമറ്റ മുനിപുണ്യസമ്പദാം നേട്ടം (,, ൮൮)
൮. ഗുണവീര്യസമ്പദാമില്ലം (,, ൯൩)

ഈ ഉല്ലേഖങ്ങളെപ്പോലെതന്നെ മനോഹരങ്ങളാണ് ഓരോ ഭാവത്തെ ആസ്പദമാക്കി ശ്രീകൃഷ്ണന്നു നൽകിയിരിക്കുന്ന വിശേഷണങ്ങളിൽ പലതും. മാതൃകയ്ക്കായി ചിലതു ചൂണ്ടിക്കാണിക്കാം.

൧. നീലവാർമുകിലെ വെന്റ മേനിയൻ (ശ്ലോകം ൧൨)
൨. വാച്യവേദവചനേന കേവലം വാച്യൻ (,, ൧൬)
൩. മോഹമററ സനകാദിമാനസൈകലഭ്യൻ (,, ൨൪)
൪. ഇരുൾകണ്ണിമാർ മനോജന്മൻ (,, ൨൭)
൫. പൂവിൽമാതുകളിയാടിനീടെഴുംമാർവ്വൻ (,, ൩൬)

അകൃത്രിമങ്ങളായ ഉല്ലേഖങ്ങളും ഉചിതങ്ങളായ വിശേഷണങ്ങളുംകൊണ്ട് ഈ കൃതിയിലെ കൃഷ്ണവർണ്ണനകൾ രമണീയങ്ങളായിരിക്കുന്നുവെന്നു ഉദ്ധൃതഭാഗങ്ങൾ വിശദമാക്കുന്നുണ്ടല്ലോ.

കൃഷ്ണലീല വർണ്ണിക്കുന്ന ഈ കൃതിയിൽ സ്വാഭാവികമായി അനേകം ഭാവമധുരങ്ങളായ രംഗങ്ങൾ ചിത്രീകൃതങ്ങളായിട്ടുണ്ട്. അവയിൽ പലതും വായനക്കാരുടെ ഹൃദയത്തിൽ പതിയത്തക്കവണ്ണം സരസങ്ങളും ഭാവനാപരങ്ങളുമാണ്. പുണ്യശാലിനിയായ യശോദ ഓമനമകനെ എടുത്തു് മുഖമുയർത്തി ദർശനസുഖത്തിൽ ലയിച്ചു മുല കൊടുത്തു ഉറക്കുന്ന ചിത്രം എത്രയോ ഹൃദയംഗമമായിരിക്കുന്നു.

"പുണ്യശാലിനി യശോദ മെല്ലെട-
ത്തുന്നമയ്യ വദനം വിലോകിനീ
ധന്യമാം മുലകൊടുത്തുറക്കിനോ-
രുണ്ണിയെന്മനസി വാഴ്ക സന്തതം."

ശ്രീകൃഷ്ണൻ വെണ്ണ മോഷ്ടിക്കുന്നതിനെ വർണ്ണിക്കുന്നു:—

"തിണ്ണമങ്ങൊരുരലേറി മെല്ലവേ
വെണ്ണ കട്ടപൊഴുതിങ്കലമ്മയാൽ
നണ്ണിനിന്റെ പിടിപെട്ട വല്ലവീ-
പുണ്യമെൻ മനസിവാഴ്ക സന്തതം."

എന്ന ശ്ലോകം വായിക്കുമ്പോൾ, ആരും അറിയുന്നില്ല എന്ന ഭാവത്തിൽ സാവധാനമായി കൃഷ്ണൻ ഉരലിന്റെ പുറത്തു കയറി വെണ്ണ അപഹരിക്കുന്നതും അതു് ഒളിച്ചിരുന്നു് യശോദ കണ്ടുപിടിച്ചു് ശിക്ഷിക്കുന്നതുമായ രംഗം അനുവാചകന്റെ ഹൃദയദർപ്പണത്തിൽ വ്യക്തമായി പ്രതിഫലിക്കുന്നു.

രുക്മിണിയുടെയും സത്യഭാമയുടെയും മദ്ധ്യത്തിൽ മധുരമായി മന്ദഹസിച്ചും വേണുവാദനം ചെയ്തും രസിക്കുന്ന കൃഷ്ണന്റെ ചിത്രം നോക്കുക:—

"രുക്മിണീമഹിതസത്യഭാമയോർ-
മദ്ധ്യവർത്തി മധുരസ്മിതാനനം
കയ്ത്തലേ രണിതവേണു ദൈവതം
നിത്യമെന്മനസി വാഴ്ക സന്തതം."

ഇങ്ങനെ പല മോഹനചിത്രങ്ങളും ഈ കൃതിയിൽ അവിടവിടെയായി കാണാവുന്നതാണു.

ഈ കൃതിയിലെ അലങ്കാരസുന്ദരമായ പ്രതിപാദനരീതിയും സഹൃദയന്മാരെ രസിപ്പിക്കാതിരിക്കയില്ല. ശ്രീകൃഷ്ണന്റെ യശസ്സുകളായ ലീലകളെ ദേവസ്ത്രീകൾ ഉദ്ഗാനം ചെയ്തു എന്ന വസ്തുത ആലോചനാമൃതമായ രീതിയിൽ കവി വർണ്ണിച്ചിരിക്കുന്നു:—

"വിണ്ണുളാർകൾ വരവർണ്ണിനീമുഖം
പുണ്യശാലി പുകഴ് കൊണ്ടണിഞ്ഞവൻ
കണ്ണെഴുത്തുകുറിയാൽ വിഭൂഷിതൻ
കണ്ണനെന്മനസി വാഴ്ക സന്തതം."

കണ്ണന്റെ പുണ്യശാലിയായ പുകഴ് ദേവസ്ത്രീകളുടെ മുഖങ്ങൾക്കു് അലങ്കാരമായിത്തീർന്നു എന്ന വർണ്ണനയുടെ വൈചിത്ര്യം എത്രയോ ആസ്വാദ്യമായിരിക്കുന്നു.

സംസ്കൃതപ്രയോഗങ്ങളുടേയും പ്രാചീനപദങ്ങളുടേയും പ്രാചുര്യം നിമിത്തം ഇതിലെ പദ്യങ്ങളുടെ അർത്ഥാവഗതിക്ക് ചിലപ്പോഴൊക്കെ വൈഷമ്യം നേരിടാറുണ്ടെങ്കിലും ലളിതവും സരളവുമായ ഭാഷാശൈലിയും ഈ കൃതിയിൽ ദുർലഭമല്ലെന്നുള്ള വസ്തുത വിസ്മരിച്ചുകൂടാ. ഗോപസ്ത്രീകളുടെ മദ്ധ്യത്തിൽ ചാടിയോടിക്കളിക്കുന്ന ശ്രീകൃഷ്ണനെ ഇങ്ങനെ വർണ്ണിക്കുന്നു:—

"ചാടിയും ഝടിതി പാടിയും കളി-
ച്ചാടിയും വിവിധമായർയോഷിതാം
ഈടെഴും മഹിതമംഗലപ്രദൻ
നീടൊടെന്മനസി വാഴ്ക സന്തതം."

അയത്നലളിതവും പ്രകൃതാനുഗുണവുമായ ഭാഷാരീതിയല്ലേ നാം ഇവിടെ ദർശിക്കുന്നത്? അക്ലിഷ്ടമായ രചനാസരണിയെ പ്രകാശിപ്പിക്കുവാൻ മററൊരു ശ്ലോകംകൂടി ഉദാഹരിക്കാം:—

" (മായ) നിഞ്ഞിനിയവട്ടമിട്ടൊരോ-
ഛായമുററ പലവും കളിച്ചവൻ
നായകൻ നിഖിലലോകവത്തിനാം-
മായനെന്മനസി വാഴ്ക സന്തതം."

ഇപ്രകാരം വിശകലനം ചെയ്ത് പരിശോധിച്ചുനോക്കിയാൽ ഈ കൃതി കാവ്യഗുണങ്ങൾകൊണ്ട് സമലംകൃതമാണെന്ന് സ്പഷ്ടമായിത്തീരും.

ഈ കൃതിയുടെ പ്രസാധനത്തിന് എന്നോടുകൂടി സഹകരിച്ച് പ്രവർത്തിച്ചത് പണ്ഡിതർ ഈ. വി. രാമൻ നമ്പൂതിരി അവർകളാണെന്നുള്ളത് സസന്തോഷം പ്രസ്താവിച്ചുകൊള്ളുന്നു. ഇതിന് പണ്ഡിതോചിതമായ ഒരു വ്യാഖ്യാനം എഴുതുക എന്ന ദുഷ്കരസാദ്ധ്യമായ കൃത്യം നിർവഹിച്ചതിന് അദ്ദേഹം പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. വ്യാഖ്യാനസഹിതമായ ഈ വാസുദേവസ്തവത്തിന് അനുഗ്രഹം അപേക്ഷിച്ചുകൊണ്ട് സഹൃദയസമക്ഷം ഇതിനെ അവതരിപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
൧൦-൧൨-൧൧൨൪.

പി. കെ. നാരായണപിള്ള.

# ശ്രീവാസുദേവസ്തവം

കേവലം പരമധാമമദ്ഭുതം
ദേവകിയ്ക്കു വസുദേവമന്ദിരേ
ഭൂമിഭാരഹൃ(ദ്ഃത)യേ പിറന്നവൻ
ദേവനെന്മനസി വാഴ്ക സന്തതം. ൧

മിക്ക കംസഭയമിട്ടൊരാച്ചിതൻ-
കുക്ഷിജത്വമനുഭൂയ വാണ്ണവൻ,
(ര)ക്ഷസാം ചയതമസ്സിനുച്ചകൈ-
രക്കനെന്മനസി വാഴ്ക സന്തതം. ൨

പുണ്യശാലിനി യശോദ മെല്ലെട്ടു-
ത്തുന്ന(മൈഃമ)യ്യ വദനം വിലോകിനീ
ധന്യമാം മുല കൊടുത്തുറക്കിനോ-
രുണ്ണിയെൻമനസി വാഴ്ക സന്തതം. ൩

നന്ദി മുററു ജനയ(ൻ) വ്രജൗകസാ(ം)
നന്ദഗോപഭവനേ വളൎന്നവൻ,
ഇന്ദിരാഹൃദയകൈരവേ സദാ
ചന്ദ്രനെന്മനസി വാഴ്ക സന്തതം. ൪

---

1. ഭൂമി......യേ=ഭൂമിയുടെ ഭാരം ഹരിക്കാനായിട്ട്.

2. മിക്ക=മികച്ച (അധികമായ) കംസ...ട്ട്=കംസഭയം നിമിത്തം. ആച്ചി=ഗോപി. കു...ത്വം=പുത്രത്വം. അ...യ=അനുഭവിച്ചിട്ട്. രക്ഷ...സ്സ്=രാക്ഷസവൎഗ്ഗമാകുന്ന ഇരുട്ട്. ഉ...കൈഃ=ഉന്നതനായ (അൎക്കന്റെ വിശേഷണം.)

3. ഉന്നമയ്യ=ഉയൎത്തിയിട്ട്. വിലോകിനീ=നോക്കുന്നവൾ.

4. ജനയൻ=ജനിപ്പിച്ചുകൊണ്ട്. വ്രജൗകസാം=ഗോപന്മാൎക്ക്. ഇ...വേ=ശ്രീദേവിയുടെ മനസ്സാകുന്ന ആമ്പൽപ്പൂവിൽ.

ചൂതവാർമുല വിഷേണ ദൂഷിതം
വീതശങ്കമ(സു)ഭിഃ സമം പിബൻ,
പൂത(നൈ?ന)യ്ക്കു ഗതി(യൈ?യെ)ക്കൊടുത്തവൻ
നാഥനെന്മനസി വാഴ്ക സന്തതം. ൫

ഉന്ന(മെയ്യ?മയ്യ)ചരണം ക(ടൈ?ട)ഞ്ഞു തൻ-
മുന്നിൽവർത്തി ശകടം മഹത്തരം,
ചിന്നിനോരു ചെറിയോൻറ പൊന്നു(ട)
(മ്പി)ന്നുമെന്മനസി വാഴ്ക സന്തതം. ൬

രാഗിണീ മടിയിലമ്മ മെല്ലെ വെ-
ച്ചേകദാ മുലകൊടുത്തനന്തരം
ശോകഹാരി, ഗിരിനേർ കനത്തവൻ
തോകനെന്മനസി വാഴ്ക സന്തതം. ൭

(ചിത്ത)കൈതവമെടുത്തെഴും (ത്രി?തൃ)ണാ-
വർത്തജീവിതമറക്ക(ളൈ?ള)ഞ്ഞവൻ,
ഭക്തരുള്ളിൽ നിയതം വസിപ്പവൻ,
നിത്യനെന്മനസി വാഴ്ക സന്തതം. ൮

---

5. വി.. തം=വിഷത്താൽ ദുഷ്ടം. അസു...മം=പ്രാണങ്ങളോടുകൂടെ. പിബൻ=പാനംചെയ്യുന്നവനായിട്ട്.

6. വർത്തി=വർത്തിക്കുന്നതു് (ഉള്ളതായ). ശകടം=ചാട്.

7. രാഗിണീ=പാടുന്നവൾ (ആയിട്ട്). ശോ...രി=ദുഃഖം നീക്കുന്നവൻ. ഗിരി...ൻ=മലപോലെ കനംതോന്നിച്ച. തോകൻ=കുഞ്ഞു.

8. അ...വൻ=നശിപ്പിച്ചവൻ. ഭ...ള്ളിൽ=ഭക്തന്മാരുടെ ഹൃദയത്തിൽ.

തായുടേ മടിയി(ലി?ല്നി)ൻറു തന്നുടേ
വായിലൊക്ക(വെ) നയൻ ജഗത്ത്രയം
കായമിട്ടൊരു കിശോരനായവൻ
മായനെന്മനസി വാഴ്ക സന്തതം. ൯

ഗർഗ്ഗനാലവി(ടൈ?ടെ)വന്നു സംസ്കൃതം
കൃഷ്ണനെന്നു തിരുനാമമാണ്ടവൻ,
രക്ഷണേ നിയതമും വ്രജൌകസാ(ം)
ദക്ഷനെന്മനസി വാഴ്ക സന്തതം ൧൦

വിണ്ണുളാർകഠംവരവണ്ണിനീമുഖം
പുണ്യശാലി പുകഴ് കൊണ്ടണിഞ്ഞവൻ
കണ്ണെഴുത്തുകുറിയാൽ വിഭൂഷിത(ം?ൻ)
കണ്ണനെന്മനസി വാഴ്ക സന്തതം. ൧൧

താലി ക(മ്പി)തള കിങ്ങിണീഗണം
മാലയെൻറിവയണിഞ്ഞു വാണ്ണവൻ,
നീലവാർമുകിലെവെൻറമേനിയൻ,
ബാലനെന്മനസി വാഴ്ക സന്തതം. ൧൨

---

9. നയൻ=നയിക്കുന്നവൻ (കൊണ്ടുവരുന്നവനായിട്ട്); കായമിട്ട്=ദേഹവിഷയത്തിൽ; മായൻ=മായാമയൻ.

10. ഗർഗ്ഗൻ=ഒരു ഋഷിവര്യൻ.

11. വിണ്ണു...വൻ=ദേവസ്ത്രീകളുടെ മുഖത്തെ സ്വന്തം യശസ്സുകഠംകൊണ്ട് അലങ്കരിച്ചവൻ (ദേവസ്ത്രീഗീതകീത്തി). ക...യാൽ=കണ്ണെഴുത്തുകൊണ്ടും ഗോപിക്കുറികൊണ്ടും.

12. മൂന്നാംപാദം ബഹുവ്രീഹിയായ സമാസം.

രംഗമാണന്നടനേ യശോദത-
ന്നങ്കണേ ല(ളി)തജാനുപാണിഭിഃ,
അങ്ഗനാജനമനഃകുമുദ്വതീ-
തിങ്കളെന്മനസി വാഴ്ക സന്തതം. ൧൩

വണ്ണനീയചരണങ്ങൾകൊണ്ടെട്ടു-
ത്തുണ്ണിവിച്ചു വടിവോടു നിന്റവൻ,
വിണ്ണുളാർ തൊഴുത വല്ലവീസുതൻ
തിണ്ണമെന്മനസി വാഴ്ക സന്തതം. ൧൪

(അ)മ്മ കൈതടവി മെല്ല മെല്ലവേ
സംവിധായ (ഹർഷം?രിഷം) വ്രജനൃകസ്സാം;
നമ്മണാ നട പടിച്ചിടും പരം
ബ്രഹ്മമെന്മനസി വാഴ്ക സന്തതം. ൧൫

കാൽച്ചിലമ്പൊലി വളൎത്തു പോയ് നട-
ന്നാച്ചിമന്ദിരമലങ്കരി(ച്ചവൻ,
വാച്ച വേദവചനേന കേവലം
വാച്യനെന്മനസി വാഴ്ക സന്തതം. ൧൬

---

13. രം...ണൻ=നടക്കുന്നവൻ (ഇഴയുന്നവൻ). ലളി...ഭിഃ= ഭംഗിയുള്ള കാൽമുട്ടുകൾകൊണ്ടും, കൈകൾകൊണ്ടും. അങ്ഗ...കൾ= സ്ത്രീഹൃദയമാകുന്ന ആമ്പൽപ്പൊയ്കയ്ക്കു ചന്ദ്രനായിരിക്കുന്നവൻ.

14. ഉണ്ണിവിച്ചു=കൊച്ചുപിച്ചു. വി...ർ=ദേവകൾ.

15. സം...യ=ചെയ്തിട്ടു് (ഉണ്ടാക്കിയിട്ടു്). ഹ...ഷം=സന്തോഷം. നമ്മണാ=നേരമ്പോക്കായിട്ടു്.

16 വേദ...ചൻ=വേദങ്ങൾക്കു മാത്രം പറയാൻ കഴിയുന്നവൻ.

അങ്ഗനാഹൃദയഹാരിചേഷ്ടിതൈ-
രങ്കിതേന വപുഷാ കളിച്ചവൻ,
മങ്ഗലായ മമ ഗോപികാസുതൻ
തുങ്ഗനെന്മനസി വാഴ്ക സന്തതം. ൧൭

വത്സസഞ്ചയമകാലവേലയേ-
ക്കററു ജാതു വിസൃജൻ വ്രജൌകസാം
അശ്രു കണ്ണിൽ നിറയിയ്ക്കുമപ്പരം
തത്ത്വമെന്മനസി വാഴ്ക സന്തതം. ൧൮

പാലുവെണ്ണ മുഴുവൻ കവൎന്നിട്ടും
വേല കോലിനവനാ(യൎ) യോഷിതാം,
നാലുവേ(ത?ദ)നറുകാതൽ, വിണ്ണുളാർ-
പാലനെന്മനസി വാഴ്ക സന്തതം. ൧൯

മട്ടുമിണ്ണുമൊഴിമാരിടത്തിലി-
ൻെറട്ടുപത്തുകുടമാകി(ലം?ലും), ക ണ്ണാൽ
കട്ടു പാലെ മുഴുവൻ കുടിച്ചവൻ
(കു)ട്ടനെന്മനസി വാഴ്ക സന്തതം. ൨൦

---

17. അം . തൈഃ=സ്ത്രീഹൃദയം കവരുന്ന പ്രവൃത്തികളെക്കൊണ്ട്. അങ്കി തേന=അടയാളപ്പെട്ട. വപുഷാ=ദേഹത്താൽ. മങ്ഗ് .. യ=നന്മയ്ക്കായിട്ട്. തുങ്ഗൻ=ഉന്നതൻ.

18. വത്സ . യം=പശുക്കിടാക്കളേ. അ...യേ=അയോഗ്യസമയത്തേ. കററു=അറിഞ്ഞു (തമിഴത്ഭവം). ജാതു=ഒരിക്കൽ. വി...ൻ=അഴിച്ചുവിട്ടവനായിട്ട്. വ്ര.. സാം=ഗോപജനങ്ങൾക്ക്.

19. പാ ..ണ്ണ=പാലും വെണ്ണയും. കോലിനവൻ=ചെയ്യുവൻ. യോ. .താം=സ്ത്രീകൾക്ക്. വിണ്ണു . ലൻ=ദേവന്മാരേ രക്ഷിക്കുന്നവൻ.

20. മട്ടു . .മാർ=തേൻവാണിമാർ. ഇടത്തിലിൻറു=ഇടത്തിൽനിന്ന്.

അമ്മിടാവിലുയരത്തിരുന്ന പാ-
ലമ്മിയേറി മുഴുവൻ കുടിക്കയാൽ,
അമ്മയോടു ചില തല്ലുകൊണ്ടവൻ
നമ്യനെന്മനസി വാഴ്ക സന്തതം. ൨൧

നീടുചേരുറിയിൽ വച്ചിരുന്ന പാൽ
പീ(ട?ഠ)മേറി നിറ(യെ?യെ)ക്കുടിച്ചവൻ,
മാടവാർമല പുണർന്ന വല്ലവീ-
വീടനെന്മനസി വാഴ്ക സന്തതം. ൨൨

പാത്തു പാൽ പരുകി മിയ്യ പൂനയെ-
ന്റാർത്തിടുംപരിചുടച്ചു ഭാജനം,
ന്തുഴ്ത്തകണ്ടു വിരവോടു പോന്നവൻ,
ധൂർത്തനെന്മനസി വാഴ്ക സന്തതം. ൨൩

ഗേഹവാസ്സനിലമാ(ർയ?യർ)യോഷിതാ(ം)
മേഹനാ(ദ്രി)ഭിരണിഞ്ഞ നിർമ്മലൻ
മോഹമററ സനകാദിമാനസൈ-
ശ്രൂഹ്യനെന്മനസി വാഴ്ക സന്തതം. ൨൪

---

21. മിടാവ്=മിഴാവ് (വലിയ പാന, കലം). നമ്യൻ=നമസ്കാരയോഗ്യൻ.

22. നീടു...റി=ഉറപ്പുള്ള ഉറി. വല്ല...ടൻ=ഗോപീജാരൻ.

23. പൂന=പൂച്ച. ന്തുഴ്ത്ത=ന്തുണ്ടുകൊണ്ട്.

24. ഗേ...ലം=വീട്ടിലെ മുറിയിലുള്ള നിലം. ആ...താം=ഗോപസ്ത്രീകളുടെ. മേഹനാദിഭിഃ=മൂത്രോത്സർഗ്ഗാദികളാൽ. സന...സൈഃ=സനകാദികളുടെ മനസ്സുകളാൽ.

ഉററു വല്ലവിക,ളമ്മയോ,ടിവൻ-
കുററമീദൃശമുണർത്തിനോരു നാൾ,
ചെററു ഭീതി വ(ര)ന്നേ ധരിച്ചവൻ,
ചിററനെന്മനസി വാഴ്ക സന്തതം. ൨൫

മണ്ണുതിൻറതുനിമിത്തമമ്മതൻ-
കണ്ണൊരിത്തിന ചുവന്ന കാരണം
മണ്ണുമിണ്ണഖിലലോകമുണ്ട കാർ-
വർണ്ണനെന്മനസി വാഴ്ക സന്തതം. ൨൬

അമ്മയോട്ട(ടെ?ദ)ധിമ(ന്ധ?ന്ഥ)നം തട്ട-
ത്തമ്മുലെയ്ക്കു കൊതിയോടിരന്നവൻ,
ബ്രഹ്മരുദ്രപനിരുംകണ്ണിമാ(ർ)മനോ-
ജന്മനെന്മനസി വാഴ്ക സന്തതം. ൨൭

ഓടിവന്നളവിലമ്മ പാൽ തിക-
ഴ്ന്നീ,ടിനോരു ദ(ധിഭാ)ജനം ക്ഷണാൽ,
കേട്ട(ചൈ?ചെ)യ്തു ശിലയാൽ തകർത്തവൻ,
ശുദ്ധനെന്മനസി വാഴ്ക സന്തതം. ൨൮

---

25. ഇവൻകുററം=ഇവന്റെ കുററം. ഈദൃശം=ഇപ്രകാരം ചിററൻ=ചെറിയവൻ.

26. ഇത്തിന=ഇത്തിരി (പ്രാചീനരൂപം). ഉമിണ്ണു്=തുപ്പിയിട്ടു്.

27. മനോജന്മൻ—എന്നതു് മലയാളശബ്ദമായിട്ടു ഗ്രഹിക്കണം. അല്ലെങ്കിൽ, മനോജന്മാവു് എന്നു വരേണ്ടതാണു്. ഇതുപോലെ, ബ്രഹ്മൻ മുതലായ പ്രയോഗങ്ങൾ വേറെയും ഭാഷയിലുണ്ടു്. ഇരുംകണ്ണിമാർ=മയ്ക്കണ്ണിമാർ.

28. തികഴ്ക = പതഞ്ഞുപൊങ്ങുക. ഈടിനോരു=ബലമുള്ളതായ.

തിണ്ണമങ്ങൊരുരലേറി മെല്ലവേ
വെണ്ണ കട്ടപൊഴുതിങ്കലമ്മയാൽ
നണ്ണി(നിന്റു)പിടിപെട്ട വല്ലവീ-
പുണ്യമെന്മനസി വാഴ്ക സന്തതം. ൨൯

കെട്ടപെട്ടവനരൽ(ക്ക്)ലോജസാ(൩൦)
കെ(ട്ടി)മാറു മരുതേപ്പിളർന്നവൻ,
ദുഷ്ട(രെ)ത്തെയുമതെന്റു കൊന്റവൻ,
ധൃഷ്ടനെന്മനസി വാഴ്ക സന്തതം. ൩൦

ചാടിയും ഝടിതി പാടിയും കളി-
ച്ചാടിയും വിവിധമായർയോഷിതാം
ഈടെഴുംമഹിതമംഗലപ്രദൻ
നീടൊടെന്മനസി വാഴ്ക സന്തതം. ൩൧

അർജ്ജുനൌ പൊ(ടി)പെട്ടുത്തുപോയ് നദീ-
കച്ഛമെയ്ത്തു പശുപാലസൂനുഭിഃ
വിച്ഛയായ് കലിവിധം കളിച്ചവൻ
നിച്ചലെന്മനസി വാഴ്ക സന്തതം. ൩൨

---

29. "അമ്മയാൽ പിടിപെട്ടു" എന്നതു് ശ്രദ്ധേയമായ ഒരു പ്രയോഗമായിരിക്കുന്നു. നണ്ണിനിന്റു്=ആലോചിച്ചുനിന്നു്.

30. ഓജസാ=ഓജസ്സു (ബലം)കൊണ്ടു്.

31. ആയ...താം=ഗോപസ്ത്രീകൾക്കു്. നീടു്=അനുസ്യൂതി, സ്ഥിരത.

32. അർജ്ജുനൌ=രണ്ടു മരുതുമരങ്ങളെ. കച്ഛം=വെള്ളക്കെട്ടുള്ള പാടം, (പുഞ്ച). പശു...ഭിഃ=ഗോപകുമാരന്മാരോടുകൂടി. വിച്ഛ=നേരമ്പോക്കു് (നർമ്മം). കലിവിധം=യുദ്ധപ്രകാരം. നിച്ചൽ=എന്നും (പതിവായി—നിത്യം).

തായയോടൊക്ക നിലയത്തിന്നകമേപോയ്
പായസാദി (വി)വിധം ഭുജിച്ചവൻ;
മായയാ ധൃതശരീരനായവൻ;
ഭൂയനെന്മനസി വാഴ്ക സന്തതം. ൩൩

മോതിരാദികൾ വെളുത്ത തൃത്തുവാ
ധാതുപീലിതിലകാഞ്ജനാദിഭിഃ
(ധാ?ജാ)തു ഭൂഷിതമൊരാ(ദി)ദൈവതം
പ്രീതമെന്മനസി വാഴ്ക സന്തതം. ൩൪

കണ്ടരിഷ്ടമധികം ബൃഹദ്വ(നെനഃ?നേ)
കൊണ്ടുപോയവനുദാരഗോധനം,
പുണ്ഡരീകനയനൻ, ജഗത്ത്രയീ-
പുണ്ഡ്യനെന്മനസി വാഴ്ക സന്തതം. ൩൫

കേവലം വ്രജവിധാന(നൊ)ട്ടു വൃ-
ന്ദാവനത്തിലിളകൊണ്ട മാധവൻ
പൂവിൽമാതു കളിയാടി നീടെഴും-
മാർവ്വനെന്മനസി വാഴ്ക സന്തതം. ൩൬

---

33. താ...ക്ക=അമ്മയോടുകൂടെ. 'ഭൂയൻ' ഭൂയാൻ എന്ന പദത്തിന്റെ രൂപഭേദമായിരിക്കാം. ബഹുലൻ, വർദ്ധമാനൻ ഇത്യാദി അതിനർത്ഥവും പറയാം.

34. തൃത്തുവാ=തൃത്താവ് (തുളസി); ധാതു...ഭിഃ=മനോല മുതലായവകൊണ്ടും, മയിൽപ്പീലി, നെററിപ്പൊട്ട്, അഞ്ജനം മുതലായവകൊണ്ടും; ജാതു=ഒരിക്കൽ (ചിലപ്പോൾ); പ്രീതം=സന്തുഷ്ടം.

35. ബൃ...നേ=വലിയ കാട്ടിൽ. ഉദാ...നം=ശ്രേഷ്ഠമായ ഗോസമ്പത്തിനെ. ജഗ...ണ്ഡ്യൻ=മൂന്നു ലോകത്തിന്റേയും ശോഭാലങ്കാരമായിട്ടുള്ളവൻ.

36. വ്രജ...നൻ=ഗോകുലത്തിൽ (അമ്പാടിയിൽ) പ്രവർത്തിക്കുന്നവൻ. പൂവിൽ...ർവ്വൻ—എന്നുള്ള ശിഥിലസമാസം ശ്രദ്ധേയമാണ്.

205/23

തത്ര ഭൂരിമല മിയ്യുപാദപം
പത്രിയാദി യമുനോപകാനനം
നിത്യരമ്യരുചി കണ്ടു ദൈവതം
തൃപ്തനെന്മനസി വാഴ്ക സന്തതം. ൩൭

(ആ?ഗോ)വു പാലനതുരം പി(ണെ?ണ്യ)ഞ്ഞു തൻ-
പൂവൽമേനി പൊടികൊണ്ടണിഞ്ഞവൻ,
മൂവുലോകജനമുററു ചേഷ്ടയൻ
ജീവനെന്മനസി വാഴ്ക സന്തതം. ൩൮

(മായ)നിഞ്ഞിനിയ വട്ടമിച്ചട്ടാരോ-
ഛായമുററു പലവും കളിച്ചവൻ,
നായകൻ നിഖിലലോകവത്തിനാ-
മായനെന്മനസി വാഴ്ക സന്തതം. ൩൯

അത്യുദാരനിനദേന കാളയാ(യ്)
യുദ്ധമെയ്തിന പ(രം പ)രസ്പരം
മുഗ്ദ്ധലോലനയനൻ വ്രജാംഗനാ-
സക്തനെന്മനസി വാഴ്ക സന്തതം. ൪൦

---

൩൭. തത്ര = അവിടെ; പാദപം = വൃക്ഷം; പത്രി = പക്ഷി; യമുനോപകാനനം = യമുനാനദീതീരത്തിലുള്ള കാട്. നി... ചി=എന്നും മനോഹരമായ ശോഭയോടുകൂടിയതായി; കണ്ടു തൃപ്തനായിരിക്കുന്ന ദൈവതം—എന്നു് അന്വയിയ്ക്കണം.

൩൮. ഗോ.... രം = പശുക്കളെ പാലിക്കാനുള്ള താര; മൂവു... നം = ത്രൈലോക്യവാസികളെല്ലാം; ചേഷ്ടയൻ = പ്രവത്തിപ്പിക്കുന്നവൻ; (ഉലകമെന്നപോലെ, ഉലോകമെന്നും പ്രയോഗിച്ചിരിക്കുന്നതു ശ്രദ്ധേയമാണു്).

൩൯. നി...നാം = എല്ലാ ലോകത്തിലും വത്തിക്കുന്നവരുടെ.

൪൦. അത്യു.....ന = വളരെ വലിയ ഒച്ചയോടുകൂടിയ (കാളയുടെ വിശേഷണം).

ഇത്ഥമമ്പിൽ യമുനാതടത്തിൽ നി-
ൻറത്യുദാരതരകേളി(ചെ?ചെ)യ്തവൻ,
വത്സപാലനവിദഗ്ദ്ധ,നാച്ചിതൻ-
പുത്രനെന്മനസി വാഴ്ക സന്തതം. ൪൧

വത്സരൂപമൊരു ദാനവം വധി-
ച്ചുത്തമേന പുകഴാൽ നിറന്നവൻ
ഭക്തി മിക്ക സനകാദിയോഗിഭിഃ
സ്തുത്യനെന്മനസി വാഴ്ക സന്തതം. ൪൨

വിണ്ണുളാരരി ബകാസുരം വധി-
ച്ചെണ്ണറിൻറ ഗ്ഗുണ,മായർയോഷിതാം
പുണ്യപൂര,മരവിന്ദലോചനം,
വർണ്ണ്യമെന്മനസി വാഴ്ക സന്തതം. ൪൩

കാനനംപ്രതി കളി(ച്ചു) മാശയായ്-
പ്പോന വിശ്വപശുപാലദൈവതം,
ജ്ഞാനിനാ(മ്മ?മ)മലചിത്തപങ്കജേ
ലീ(ല?ന)മെന്മനസി വാഴ്ക സന്തതം. ൪൪

---

൪൧. വത്സ...ദ്ധൻ = കിടാക്കളെ കാക്കുവാൻ സമർത്ഥൻ.

൪൨. വത്സ...വം = കാളക്കുട്ടിയായിട്ടു വന്ന ഒരസുരനെ; 'ഉത്തമേന പുകഴാൽ' എന്ന വിശേഷണവിശേഷ്യപ്രയോഗങ്ങൾ ശ്രദ്ധേയങ്ങളായിരിക്കുന്നു. നിറന്നവൻ = ശോഭിച്ചവൻ; സന...ഭിഃ = സനകാദികളായ യോഗീശ്വരന്മാരാൽ.

൪൩. വിണ്ണു...രി = ദേവന്മാരുടെ ശത്രു. പുണ്യപൂരശബ്ദമാണ് ഇവിടെ വിശേഷ്യമായി ഗ്രഹിക്കേണ്ടതു്.

൪൪. 'മാശ' തമാശയുടെ അർത്ഥത്തിലുള്ള പദമായിരിക്കാം. എന്നാൽ, തമിഴിലോ മലയാളത്തിലോ താദൃശപദം പ്രസിദ്ധമല്ല. 'കളിച്ചും' എന്നു പദച്ഛേദം ചെയ്യുന്നതല്ല നന്നായിട്ടു തോന്നുന്നതു്.

കാചകൻറിനവപല്ലവൈര(ണി-
ഞ്ഞോ)ശി വിശ്വപശുപാലസഞ്ചയം,
താ(ശ്ചി?ച്ചി)യോടിനിയ കേളി കോലിനോ-
രീശനെന്മനസി വാഴ്ക സന്തതം. ൪൫

വെൻറിചേരഘനെ നിഗ്രഹിച്ചവൻ,
നിൻറവൻ നിഖിലലോകപാല(നൈ?നേ)
മൻറിൽ(മിക്ക)പുകഴ് നന്ദസൂനു വ-
ന്നെൻറുമെന്മനസി വാഴ്ക സന്തതം. ൪൬

(ദൃഷ്ടാ?ദൃഷ്ടം)മഞ്ചിതമഹത്ത്വമോജസാ
കട്ടനാളിൽ വിധി വത്സസഞ്ചയം;
സൃഷ്ടികൊണ്ടിവ പുണർത്ത വൈഭവം
ദൃഷ്ടമെന്മനസി വാഴ്ക സന്തതം. ൪൭

വിസ്മ(യ്യേ)ന വിധിയാലഭിഷ്ടുത(?ൻ)
തത്ര പി(രൈ?ര)ന്ന മഹനീയതേജസാ;
നിത്യരൂപപരമാത്മമായയാ
മർത്ത്യനെന്മനസി വാഴ്ക സന്തതം. ൪൮

---

൪൫. കാച-നവശബ്ദങ്ങളുടെ ഇടയ്ക്ക് 'കൻറി' എന്ന ഭാഷാപദം ചേർത്തു; തൃതീയാബഹുവചനാന്തമാക്കിയിരിക്കുന്നതു് ശ്രദ്ധേയമാണു്. താച്ചി=പില്ലാംകുഴൽ: (തായ്ച്ചി=അമ്മ).

൪൬. 'വെൻറിചേരഘൻ'—വിജയിയായ അഘാസുരൻ; വെറും തമിഴ്‌രീതിയനുസരിച്ചുള്ള പ്രയോഗമാണു് ഇതു്. മൻറി...കഴ്=ലോകം നിറഞ്ഞ യശസ്സോടുകൂടിയവൻ (എന്നു് ബഹുവ്രീഹിസമാസം.)

൪൭. പുണർക്കുക=ആവിഷ്കരിക്കുക (ഉണ്ടാക്കുക.)

൪൮. 'ഷ്ടുതം ത' എന്നുതന്നെയാണു് ഗ്രന്ഥത്തിൽ കിടക്കുന്നതു്. 'തന്ത്'- എന്നല്ല. എന്നാലും, 'അഭിഷ്ടുതൻ' എന്നു പഠിക്കുന്നതായിരിക്കും സമഞ്ജസം. അല്ലെങ്കിൽ, അർത്ഥത്തിനും, അന്വയത്തിനും അല്പം അഭങ്ഗി വന്നേക്കാം. 'മായാമർത്ത്യൻ' എന്നു പറയാനാണു് ഉത്തരാർദ്ധം ഇത്തരത്തിലാക്കിയതെന്നു തോന്നിപ്പോകുന്നു.

KOTT_AYAM PUBLIC LIBRARY
KOTTAYAM.



ഒക്ക (വാ?ബാ)ലനിവഹേന ചേർന്നുടൻ
പുക്ക താലഫലസം(കു)ല വനേ
മിക്ക ധേനുകവധം കഴിച്ചവൻ
ചക്രിയെന്മനസി വാഴ്ക സന്തതം. ൪൯

യാമുനം വിഷജലം കുടിച്ചുടൻ
പോക്ക് മരിച്ച പശുപാലസഞ്ചയം
പ്രേമദൃഷ്ടിസുധ പെ(യ്ക?യ്തു)ടിത്തിനോ-
രോമലെന്മനസി വാഴ്ക സന്തതം. ൫൦

മത്തകാളിയശിരസ്സു നീളെടുഴം
നൃത്തമാടി നിരുപദ്രവം മഹഃ
സിദ്ധചാരണഗണൈരഭിഷ്ടുതം
മുക്തമെൻമനസി വാഴ്ക സന്തതം. ൫൧

വത്സപാലപശുപാലസഞ്ചയം
ദ(ഗ്ധു?ഗ്ധു)മുദ്യതമരണ്യപാവകം
വക്ത്രരന്ധ്രമധി സംഗ്രഹിച്ചവൻ
ഭൂമനെന്മനസി വാഴ്ക സന്തതം. ൫൨

---

൪൯. ഒക്ക=ഒരുമിച്ച്; 'മിക്ക' എന്ന വിശേഷണം ധേനുകനിലായിരിക്കും അന്വയിക്കേണ്ടത്.

൫൦. 'യെടിത്തിനോ'- എന്നു തന്നെ സ്പഷ്ടമായി ഗ്രന്ഥത്തിൽ കിടക്കുന്നു. 'ഏകത്തിനോ'- എന്നോ മറ്റോ പഠിക്കയാണ് യുക്തമെന്നു തോന്നുന്നു.

൫൧. മ.....സ്സു=മദിച്ച കാളിയന്റെ ശിരസ്സുകളിൽ. നിരുപദ്രവമെന്നതിന് അനുഗ്രാഹകമെന്നോ മറ്റോ അർത്ഥം പറയണം.

൫൨. വ.....യം=കിടാക്കളെ മേയ്ക്കുന്നവരും, പശുക്കളെ മേയ്ക്കുന്നവരും; ദ...കം=ദഹിപ്പിക്കാൻ തുടങ്ങിയ കാട്ടുതീയിനെ. മൂന്നാം പാദം വളരെ ഭംഗിയായെന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു. പിന്നത്തെ 'ഭൂ'പ്രയോഗവും അങ്ങനെതന്നെ.

ക്രൂരവീര്യമസുരം പ്രലംബനേ-
പ്പോരിൽവച്ചു (കീർത്തി)ഹതചെയ്തവൻ പുരാ
പാരിൽ (മിശ്ര) പുകഴും രേവതീമുല-
സ്ഥാരനെൻമനസി വാഴ്ക സന്തതം. ൨൩

കാകപക്ഷധരപാലസഞ്ചയൈ-
രാകുലം വിവിധകേളിചെയ്തവൻ
നാകിപാലകനൊരാ(ശ്ചര്യത്തിനിട)പി(രാ)
നേകനെൻമനസി വാഴ്ക സന്തതം. ൨൪

ആക്രമീടിന ക(ളിപ്പീ)കൾ നീളവേ
പോയ്ക്കഴിഞ്ഞ വിധിവത്സസഞ്ചയം
കാൽക്ഷണമ്പുവഴിചെൻറ വല്ലവീ-
ഭാഗ്യനെൻമനസി വാഴ്ക സന്തതം. ൨൫

ശോഭയാൽ ചുഴലെ വൻറ കാളതീ
വാ പിളർന്നു മുഴവൻ കുടിച്ചവൻ
ആപദാം പ്രശമനായ ദാരകൻ
ഗോപനെൻമനസി വാഴ്ക സന്തതം. ൨൬

---

൨൩. ശ്രീകൃഷ്ണനേ അല്ല, ബലഭദ്രനേ ആണ് ഈ പദ്യം കൊണ്ട് വാഴ്ത്തുന്നതെന്നുള്ളതു് ശ്രദ്ധേയമാണ്. ഭഗവാൻെറ അവതാരം എന്നുള്ള നിലയിലായിരിക്കാം ഇവിടെ തൽപ്രസംഗം സംഭവിച്ചതു്. 'ആരൻ' എന്ന നാലാംപാദത്തിലെ പ്രയോഗം, 'ഹാരായമാണൻ'- മാലയായി മിന്നുന്നവൻ - അലങ്കാരഭൂതൻ — എന്ന അർത്ഥത്തിലാകുന്നു.

൨൪. കാകപക്ഷധരർ = ബാലന്മാർ; പാലസഞ്ചയം=ഗോപസമൂഹം. (ഗോപകുമാരന്മാരോടുകൂടി എന്നർത്ഥം). ആകുലം - എന്ന് ക്രിയാവിശേഷണം. നാകികൾ=ദേവന്മാർ.

൨൫. 'വല്ലവീഭാഗ്യൻ'-എന്നതിന്, ഗോപികളുടെ ഭാഗ്യമായിത്തീർന്നിട്ടുള്ളവൻ എന്നർത്ഥം. 'വല്ലവീഭാഗ്യ'മെന്നു മതിയായിരുന്നു.

൨൬. ആ . .യ = ആപത്തുകളെല്ലാം തീരാനായിട്ട്; ദാരകൻ= ശിശു.

പ്രാവൃഷശ്രീയമ(പേക്ഷ?വേക്ഷ്യ)കൻറ മായ
പോ(യി?യ്) വനത്തിലനശ്രയ വ(ാ)ണ്ണവൻ
സാവധാനമൊരു വല്ലവീസുതൻ
പൂവലെൻമനസി വാഴ്ക സന്തതം. ൧ ൧

ശ്രോ(ത്രി?ത്ര)യോരിനിയ കണ്ണികാര(മം?മം)
മൂർദ്ധനി പീലി തിരുവൽക്കിൽ വാസസീ
ചാത്തിനോരു പരദൈവമ(ഞ്ചി)തം
പേത്തുമെൻമനസി വാഴ്ക സന്തതം. ൧ വൃ

ചിന്തു പാടി മഹിതേന വേണുനാ
ബന്ധുരാങ്ഗമന്തരഞ്ജയൻ വ്രജം
സന്ധ്യയോടൊരു കിടാവു വൻറതി(ൽ?ൻ)
ചന്തമെൻമനസി വാഴ്ക സന്തതം. ൧ ൻ

---

൧ ൧. 'മവേക്ഷ്യ കാൻറുമായ്'—എന്നാണ് പഠിക്കേണ്ടതെന്നു തോന്നുന്നു. 'പൂവൽ' എന്നതു് വിശേഷ്യമായിട്ടോ, സമാസത്തിലല്ലാതെയോ പ്രയോഗം ദുർല്ലഭമാണ്.

൧ വൃ. ശ്രോത്രയോഃ=കാതുകളിൽ; കണ്ണികാരം=കണിക്കൊന്ന (പ്പൂ). അല്ക്കിൽ=അരക്കെട്ടിൽ (നിതംബാദിസ്ഥാനം). വാസസീ=വാസസ്സുകൾ (രണ്ടുവസ്ത്രങ്ങൾ—മുണ്ടും മേൽമുണ്ടും)—(മഞ്ഞപ്പട്ടും പട്ടുകൊണ്ടുതന്നെ അതിന്മേലൊരു കെട്ടും ആയിട്ടുള്ള ഭഗവത്സ്വരൂപം എന്നു വിചാരിക്കണം) അഞ്ചിതം=പൂജിതം.

൧ ൻ. മഹി......ണുനാ—ശ്രേഷ്ഠമായ ഓടക്കുഴൽവഴി; ബന്ധുരാങ്ഗം—എന്നു നപുംസകമായിട്ടു് പ്രയോഗിച്ചതു് ലിങ്ഗവിവക്ഷ കൂടാതെ, 'സാമാന്യേ നപുംസകം' എന്ന ന്യായേന ആയിരിക്കാം. എങ്കിലും, ഉടൻതന്നെ, "വ്രജം അന്തരഞ്ജയൻ" (അമ്പാടിയെ സന്തോഷിപ്പിച്ചുകൊണ്ടു്) എന്നു പുല്ലിങ്ഗം പ്രയോഗിച്ചതു്, കിടാവിൻറെ വൈഭവത്തെ ഓർത്തിട്ടായിരിക്കാം. 'ബന്ധുരാങ്ഗം' എന്നതു് 'വ്രജ'ത്തിൻറെ വിശേഷണമായും ഗ്രഹിക്കാം. 'കിടാവി'ൻറെ 'വരവി'ൻറെ 'ചന്ത'മാണു് മനസ്സിൽ വാഴേണ്ടതു്.

വേണുനാദഹൃതധൈര്യവല്ലവീ-
വാണികൊണ്ടു നിതരാമഭിഷ്ടുതൻ,
കോണമുള്ള വരിയുള്ളവൻ, ജഗൽ-
പ്രാണനെന്മനസി വാഴ്ക സന്തതം. ൧൦

പുഷ്പശാലിനി വനത്തിലഞ്ചിതേ
കല്പകാങ്ഘ്രിപമണിത്ത(റൈക്ക?റയ്ക്കു)മേൽ
അദ്ഭ(തം) കുഴലുമൂതി മേവിനോ-
രപ്പനെന്മനസി വാഴ്ക സന്തതം. ൧൧

രു(ഗ്മി?ക്മി)ണീമഹിതസത്യഭാമയോർ-
മദ്ധ്യവർത്തി, മധുരസ്മിതാനനം,
കയ്യങ്കലേ രണിതവേണു(ദെസ്സു?ദൈവ)തം
നിത്യമെന്മനസി വാഴ്ക സന്തതം. ൧൨

ഗോപ(ഗോ)നിവഹഗോപികാ(ഞ്ജി?ജ)നൈ-
രുപരീതമതിസുന്ദരം മഹ(ഃ)
താപഹാരി മനതാരിൽ യോഗിനാം
ദീപമെന്മനസി വാഴ്ക സന്തതം. ൧൩

ഗോപിമ(ാ)ർ തുകിലെ വാരി ലീലയാ
നീപമേറി നിലകൊണ്ട ദൈ(സ്സു?വ)തം
ശോഭമാനമസതാമതീവ ദുഷ്-
പ്രാപമെന്മനസി വാഴ്ക സന്തതം. ൧൪

---

൧൦. വേണു.....ണ്ടു=ഓടക്കുഴലിലെ മോഹനഗാനത്താൽ ഉലഞ്ഞുപോയ ധൈര്യത്തോടുകൂടിയവരായ ഗോപികളുടെ വാക്കുകളാൽ; അഭിഷ്ടുതൻ=സ്തുതിക്കപ്പെട്ടവൻ, കോ...ള്ളവൻ=യോഗിഹൃദയസ്ഥൻ എന്നോ, കൌപീനധാരികളായ കുട്ടികളുടെ കൂട്ടത്തിൽ പെട്ടവൻ എന്നോ അർത്ഥം പറയാം.

൧൧. പു...നി=പൂക്കളുള്ളതായ (വനത്തിന്റെ വിശേഷണം). കല്പ...പം=കല്പവൃക്ഷം (അംഘ്രിപം=വൃക്ഷം).

൧൨. രു...യോഃ=രുക്മിണിയുടേയും ശ്രേഷ്ഠയായ സത്യഭാമയുടേയും; രണി...ണു=ശബ്ദായമാനമായ ഓടക്കുഴലോടുകൂടിയതു്.

൧൩. ഗോ...നൈഃ=ഗോപന്മാരാലും, ഗോക്കളാലും, ഗോപികളാലും; ഉപരീതം=എങ്ങും ചുററപ്പെട്ടതു്. മഹഃ=തേജസ്സ്. താ...... ദീപം=യോഗികളുടെ (ജാത്യേകവചനം) മനസ്സിലെ ചൂടു (ഖേദം-ക്ലേശം)തീക്കുന്ന വിളക്കു്.

൧൪. നീപം=കടമ്പുമരം. അസതാം=ദുർജ്ജനങ്ങൾക്കു്. ദുഷ്പ്രാപം=ദുർല്ലഭം. (കിട്ടാൻ ഞെരുക്കമുള്ളതു്).

അപ്പമന്നമടപാല്യ നൽകി യൽ
ക്ഷുൽപിപാസ മുഴുവൻ കെടുക്കയാൽ
വിപ്രപത്നി ഗതിദായി ദൈ(സ്സ്വ?വ)തം
കെല്പോടെൻമനസി വാഴ്ക സന്തതം. ൯൬

എന്തു സിദ്ധിയിതിനാൽ വരിൻറതെ-
ൻറിന്ദ്രയാഗമഖിലം തടുത്തവൻ
വന്ദ്യമാനച(രണൻ) വ്രജൈകസാ-
മിന്ദ്രനെൻമനസി വാഴ്ക സന്തതം. ൯൭

ഇന്ദ്രനേകി വ(ർഷി?രിഷി)ച്ച(വരച്ച) നീ-
രെന്തിതെന്നു ഗിരിണാ ചെറുത്തവൻ,
നന്ദഗോപർചെറുമയോൻറു(സംക്കൈ?സർവ്വദാ)
വന്ദ്യനെൻമനസി വാഴ്ക സന്തതം. ൯൮

പി(ന്നെ?ന്നെ)നാണി വിബുധാധിപേ(ന്ദ്ര) ചെ-
ന്നന്നതേന ശിരസാ നമസ്കൃതൻ,
തന്നിലയ്പ്രിയമുമായരപാലകൻ
ധന്യനെൻമനസി വാഴ്ക സന്തതം. ൯൯

---

൯൬. യൽ ദൈവതം, വിപ്രപത്നി അപ്പമന്നമടപാല്യ നൽകി ക്ഷുൽപിപാസ... കെടുക്കയാൽ (തസ്യൈ എന്നധ്യാഹരിക്കണം) (അവർക്കു) ഗതിദായിയായോ, ആ ദൈവതം ... ... എന്നു വേണം പദങ്ങളെ ഇണക്കുവാൻ. 'വിപ്രപത്നിഗതിദായി'—എന്നു ഒറ്റപ്പദമാക്കുന്നതു ശരിയല്ല. 'വിപ്രപത്നീ' എന്നു് ദീർഘാന്തമാണല്ലോ ശബ്ദം. സംജ്ഞാദികളായിരുന്നെങ്കിൽ ഹ്രസ്വത്തിനു വിധിയുണ്ടു്. അല്ലെങ്കിൽ, മലയാളത്തിൽ സ്വാതന്ത്ര്യം കാണിച്ചു എന്നു കല്പിക്കണം.

൯൭. വ്രജ...ന്ദ്രൻ=ഗോകുലനാഥൻ.

൯൮. 'എന്തിതെന്നു്'—ഇതെത്ര നിസ്സാരമെന്നു പറഞ്ഞുകൊണ്ടു്. ഗിരിണാ=(ഗോവർദ്ധന)പർവ്വതംകൊണ്ടു. നന്ദ......ൻറു=നന്ദൻെറ പൈതൽ. 'റ്' അല്ല, 'റു' ആണു് കാണുന്നതെന്നും ശ്രദ്ധിക്കണം.

൯൯. നാണി=നാണിച്ചിട്ടു; വിബു...ന=ഇന്ദ്രനാൽ; 'തന്നിൽ' എന്നുള്ളതു ഇന്ദ്രനേത്തന്നെ പരാമർശിക്കുന്നതായി ഗ്രഹിക്കണം.

2 3205/23

വജ്രിണാ സുരഭിയാലുമാദരി-
ച്ചുത്തമേന നവദിവ്യവാരിണാ
അത്യുദാരമഭിഷിക്തമദ്(ദ്ഭു)തം
മിത്രമെൻമനസി വാഴ്ക സന്തതം. ൯൯൯

നീരി(ങ്കി?ൽനി)ൻറ വ(രി?ണ)ണാനചാരിണാ
ദൂരനീതമപി നന്ദമഞ്ജസാ
ചേരമയ്ന്തിനൊട്ടു ചെൻറു വീണ്ടവൻ
വീരനെൻമനസി വാഴ്ക സന്തതം. ൧൦

മെയ്തളത്തിനവനായർയോഷിതാം
ദ......ൻ മഹിതമാത്മന(സ്ഥ?ാപ)ദം
വൈജയന്തി തിരുമാ‌വിലിട്ടവൻ
പൈതലെൻമനസി വാഴ്ക സന്തതം. ൧൧

ഗീതവും മഹിതവേണുനാ പുന-
ത്താദരിച്ചു നിശി ചന്ദ്രികോദയം
ഭാസുരം പരിചിൽ നിൻറ വാനുളാ(ർ)—
കാതലെൻമനസി വാഴ്ക സന്തതം. ൧൨

---

തച്ചൂർബ്ബസങ്കല്പത്തിൽ പ്രയോഗിച്ചതായിരിക്കേണ്ടേ ഇതു് ? 'തൻ'—സ്വവാചിസർവ്വനാമമെന്നാണല്ലോ വെയ്പു്. ആ അർത്ഥം ഇവിടെ ദുർഘടംതന്നെയാകുന്നു. ഭഗവാനു് അപകർഷ കരവുമാവും. അഥവാ, 'ആയർ' വർഗ്ഗത്തിൻെറ വിശേഷണ മാക്കേണ്ടിവരും.

൯൯൯. വജ്രിണാ=ദേവേന്ദ്രനാൽ. സുരഭി=കാമധേനു. നവ...ണാ= തൽക്ഷണാഹൃതമായ സ്വർഗ്ഗീയജലംകൊണ്ടു്.

൧൦. വരുണാനചാരിണാ=വരുണൻെറ കൂട്ടുകാരനായ ഒരസുരനാൽ. ദൂ... ...ന്ദം=വളരെ അകലത്തു കൊണ്ടുപോകപ്പെട്ട നന്ദഗോ പനേ. അഞ്ജസാ=വേഗത്തിൽ.

൧൧. ആ...താം=ഗോപസ്ത്രീകളുടെ, മ... ...ദം = ശ്രേഷ്ഠമായ തൻെറ സ്ഥാനത്തേ; ദ...ൻ എന്നതു്, 'ദത്തവാൻ' എന്ന അർത്ഥ ത്തിലുള്ള ഒരു പദമായിരിക്കാം. വൈജയന്തി = ഭഗവാൻ ധരിച്ചിരിക്കുന്ന മാല.

൧൨. 'ഗീതവും'-എന്നതിലേ സമുച്ചയം വാക്യാലങ്കാരമായിട്ടു ഗ്രഹി ച്ചാൽ മതി. 'ഭാസുരം' എന്നതു്, 'നിൻറ' എന്ന ക്രിയയുടെ

(പ്രീ)തികൊണ്ടുഴറിവന്ന വല്ലവീ-
ജാതമേശി ബഹുരാസലീലയാ
ഭാസമാനമൊരു ദൈവതം, വ്രജേ
ജാതമെന്മനസി വാഴ്ക സന്തതം. ൧൩

ചെവ്വൊടായർനിവഹേന ചേർന്നു ചെ-
ൻറംബികാചരണതാരിൽ വീണ്ണവൻ,
അവ്വനേ നിശിയിലൻറു വാണ്ണവൻ,
ദിവ്യനെന്മനസി വാഴ്ക സന്തതം. ൧൪

തത്ര നന്ദനെ മിഴുങ്ങിനോരഹി-
ഷ്കൃത്യുദാരഗതി കൈവളർത്തവൻ
എത്ര(യു)ഞ്ചെറിയനെങ്കിലും മഹാ-
ശക്തനെന്മനസി വാഴ്ക സന്തതം. ൧൫

ശ്രീമതാ കുഴലുകൊണ്ടു പിന്നെയും
ഭാവയൽ നിശി മനോഹരസ്വരം
പ്രേമമായ(ർ)സുദൃശാം ദദൽ പര-
(ന്ധാമമെൻ) മനസി വാഴ്ക സന്തതം. ൧൬

---

വിശേഷണമായിട്ടെടുക്കണം. വാ......ൽ=ദേവന്മാർക്കു സാരഭൂതൻ. പുണർത്തു്, ആദരിച്ചു്, നിൻറ എന്ന ക്രമത്തിൽ ചേർക്കുക.

൧൩. വല്ല......തം=ഗോപീസമൂഹം. ഏശി=സംബന്ധിച്ചു്. വ്രജേ ജാതം-എന്നതിന് ഔപചാരികമായിട്ടുമാത്രം അർത്ഥം ഗ്രഹിച്ചാൽ മതി.

൧൪. ആയർ......ന=ഗോപന്മാരോടുകൂടെ. അവ്വനേ=അംബികാവനത്തിൽ.

൧൫. അഘാസുരനാണ് പെരുമ്പാമ്പായിച്ചമഞ്ഞിരുന്നതു്.

൧൬. ശ്രീമതാ......ണ്ടു=ശ്രീയെഴുംകുഴലുകൊണ്ടു് എന്നു് ഇന്നത്തെ ഭാഷയിൽ. ഭാവയൽ=ഉണ്ടാക്കികൊണ്ടിരിക്കുന്നു. ആയ......ശാം=ഗോപീമണിമാർക്കു്. ദദൽ=നൽകുന്നതു്. പരന്ധാമം=പരമചൈതന്യം.

അങ്ഗനാരഹസി കൊണ്ടു ദൂരവേ
സംഗ്രഹിച്ചവനെ മൂഢചേതസം
ശംഖചൂഡനെ (അനജ്ഞതവനി*അദൃതംവൻ നി)രാ-
തങ്കനെന്മനസി വാഴ്ക സന്തതം. ൧൭

തച്ഛിരോമ(ഹിത)രത്നമയ്മിനാ-
ലഗ്രജന്നു വിരവിൽ കൊടുത്തവൻ,
ഉച്ചദേഹനൊരു വല്ലവീസുതൻ
സ്വച്ഛനെന്മനസി വാഴ്ക സന്തതം. ൧൮

ഇന്ദ്രവൈരിണമരിഷ്ടനെപ്പുരാ
ഹന്തുകാമമെളുതായ വധിച്ചവൻ
ബന്ധുബ(ാ)ലവനിതാഭയപ്രദൻ
ചിന്ത്യനെന്മനസി വാഴ്ക സന്തതം. ൧൯

ദുഷ്ടകേശിയെ ഹയാകൃതിം വധി-
ച്ചിഷ്ടഗോപപശുപാലകം മഹഃ,
ചട്ടറംപുകഴ്, ജഗത്ത്രയീമണി-
പ്പട്ടമെൻമനസി വാഴ്ക സന്തതം. ൨൦

---

൧൭. അങ്ഗനാഃ=അങ്ഗനകളെ, കൊണ്ടു=കൂട്ടിക്കൊണ്ട്, ദൂര......നെ=അകലത്താക്കിയവനായ, മൂഢ..... ... ഡനെ=മൂഢനായ ശംഖചൂഡാസുരനെ; (ഇവിടത്തെ വിശേഷണവിശേഷ്യഘടന തനിമണിപ്രവാളശൈലിയായിരിക്കുന്നതും ശ്ലാഘ്യമാണ്).

൧൮. തച്ഛബ്ദം ശങ്ഖചൂഡനേത്തന്നെ കുറിക്കുന്നു. ഉച്ചദേഹൻ=ഉന്നതശരീരൻ (അങ്ങനെതന്നെയോ പറയേണ്ടതെന്നു ചിന്തിച്ചുകൊള്ളുക.) പ്രസ്തുതനായ 'അഗ്രജൻ' ബലരാമൻതന്നെ.

൧൯. ഇന്ദ്ര...... നെ= ദേവേന്ദ്രന്റെ ശത്രുവായ അരിഷ്ടാസുരനെ, 'ഹന്തുകാമൻ' എന്ന വിശേഷണം അരിഷ്ടന്നുതന്നെ. ബ··· ........ദൻ=ബന്ധുക്കൾക്കും, ബാലവനിതകൾക്കും അഭയം നൽകിയവൻ.

൨൦. ദുഷ്ട........ തിം = അശ്വരൂപനും ദുഷ്ടനും ആയ 'കേശി' എന്ന അസുരനെ. ഇഷ്ട..... ലകം=പ്രിയപ്പെട്ട ഗോപന്മാരെയും പശുക്കളേയും രക്ഷിക്കുന്ന. മഹഃ=തേജസ്സ്. ച... .....ഴ്=അന്യൂനകീർത്തിയോടു കൂടിയ. ജഗ...........ട്ടം=മൂന്നു ലോകത്തിന്റേയും രത്നാലങ്കാരമായിട്ടുള്ളത്.

വീര്യശാലി (മ)യനന്ദനം വധി-
ച്ചാരദിവ്യകസുമൈരലംകൃതൻ
നാരദാദിമുനിനമ്യ,നാച്ചിമാർ-
ജാരനെൻമനസി വാഴ്ക സന്തതം. വൃ ൧

ക്രൂരകംസവചനേന ഭക്ത(നെൻഅ?ന)
ക്രൂരനയ്മ്പിനൊട്ട(ന?ര്ത)ടിവന്ന നാൾ
ചീരെഴുഞ്ഞൊൽ മ(ധു)രൈ?ഥുര,യ്ക്കു ചെൻറവൻ
ധീരനെന്മനസി വാഴ്ക സന്തതം. വൃ ൨

ഭോജരാജനതിമാത്രനിഷ്ടനെ
ക്ലേശമിൻറി രജകം വധിച്ചവൻ
വാസസീ ചിലകൊട്ടത്തുടുത്തവൻ
ഖ്യാതനെന്മനസി വാഴ്ക സന്തതം. വൃ ൩

തത്ര വായകപദത്തപൂണ്ണണി-
ഞ്ഞത്യുദാരമതിഭാസുരം മഥ(ു)
മുക്തിദായകമ(ദിപ?തീവ)സർവ്വദാ
ശുദ്ധാത്മൻമനസി വാഴ്ക സന്തതം. വൃ ൪

---

വൃ ൧. മയനന്ദൻ=വ്യോമാസുരൻ. ആരം-ഹാരംതന്നെ.

വൃ ൨. ചീര്=ശീല് (ഗാനപംക്തി); ഉപദാ (കാഴ്ചദ്രവ്യം) എന്നും ചീരിന്നർത്ഥമുണ്ട്. 'ചീരുവയ്ക്കുക' എന്ന് ദ്രാവിഡവ്യവഹാരത്തിൽ നടപ്പുള്ളതുമാണ്. ചീരെഴുന്ന ചൊല്ലോടുകൂടിയ എന്നോ മറേറാ മഥുരയുടെ വിശേഷണമായിട്ടിതിനേ ഗ്രഹിക്കണം. ഇക്കാലത്ത് ഇത്തരത്തിൽ പ്രയോഗിച്ചാൽ വൃത്തഭംഗമുണ്ടെന്നു പറഞ്ഞേയ്ക്കാം. അഭംഗി സ്പഷ്ടവുമാണ. ഗ്രന്ഥസ്ഥലിപികളേ മാനിയ്ക്കണമല്ലോ. അഥവാ, ചീരെഴുംചെല്ലായിട്ടു (വേണുഗാനരസികനായിട്ട്) മഥുരയ്ക്കു പുറപ്പെട്ടവൻ, എന്ന് ഭഗവാൻെറ വിശേഷണമാക്കിയും ഗ്രഹിക്കാം.

വൃ ൩. ഭോ.......നെ=കംസൻെറ പ്രിയതരനായ എന്ന് രജകൻെറ വിശേഷണം തന്നെ. വാസസീ=രണ്ടു വസ്ത്രങ്ങൾ. ചില്ലത്ത് എന്നു പറഞ്ഞിരിയ്ക്കുന്നതുകൊണ്ട്, ജോടികളായിട്ടു ഗ്രഹിയ്ക്കണം. ബലരാമനും വേണമായിരുന്നല്ലോ.

വൃ ൪. വായകപൻ=പ്രധാനപ്പെട്ട തയ്യൽക്കാരൻ (തുന്നക്കാരൻ). പൂൺപ്=അലങ്കാരം.

കോലുമ(മ്പിന്നോ?യ്ന്മൊ)ട്ട സുദാമദത്തയാ
മാലയാലധികശോഭിത(ാങ്ഗക)ം,
മൂലദേചാതി, മുകിൽപാളിക(ത ?ന്തി)നേർ-
നീലമെൻമനസി വാഴ്ക സന്തതം. വൃ ൭

അന്തമററ പരിമോദമീടെഴും-
ഗന്ധശാലി കളഭം കൊടുക്കയാൽ
മ(ന്ധ?ന്ഥ)രാവളവൊഴിച്ച രക്ഷസാ-
മന്തനെൻമനസി വാഴ്ക സന്തതം. വൃ ൮

അസ്ല(മു?മി)ച്ച മ(ധു?ഥു)രോപകാനനേ
നില(ചൈ?ചെ)യ്ത പശുപാലസംവൃതം,
പി(റവു?ററ)നാം പുലരി നിഗ്ഗതം മഹ-
(സ്സോത്ഥ?സ്സ്വസ്ഥ)മെൻമനസി വാഴ്ക സന്തതം. വൃ ൯

---

വൃ ൭. ഇതിലേ 'അയ്മ്പ്'-ഭക്തി എന്ന അർത്ഥത്തിലായിരിക്കണം. മൂലചോതി=മൂലജ്യോതിസ്സ് - (തമിഴിൽ സുപ്രസിദ്ധവും പ്രചുരപ്രചാരവുമായ ഒരു ശൈലിയാണിതു്).

വൃ ൮ 'പരിമോദം' = ആമോദം (പരിമളം) എന്ന അർത്ഥത്തിൽ പ്രയോഗിച്ചതായിരിക്കണം. പിന്നെയും 'ഗന്ധശാലി' എന്ന വിശേഷണം ദർഘടം തന്നെ. 'പരിമോദം' ക്രിയാ വിശേഷണവുമാകാം. ഭാഗവതത്തിൽ 'ത്രിവക്ര' എന്നാണു് ഭഗവാനു കളഭം കൊടുത്ത കുബ്ജയുടെ പേർ പറയപ്പെട്ടിരിക്കുന്നതു്. എന്നാൽ അവൾ രാമായണപ്രസിദ്ധയായ മന്ഥരയുടെ ജന്മാന്തരമാണെന്നു് കഥയുണ്ടു്. അതിനെ ആസ്പദമാക്കിയിട്ടായിരിക്കാം ഈ പ്രയോഗം. 'അന്തകൻ' എന്ന അർത്ഥത്തിലാണു് 'അന്തൻ' എന്നു് പ്രയോഗിച്ചിരിക്കുന്നതും. കവി വലിയ നിരങ്കുശൻ!

വൃ ൯. മഹസ്സാണു് ഇതിലേ വിശേഷ്യം. സ്വസ്ഥമെന്നതും മഹസ്സിൻെറ വിശേഷണമാകണം. സ്വർഗ്ഗസ്ഥമെന്നും, 'സ്വസ്ഥ' ശബ്ദത്തിന്നർത്ഥമുണ്ടല്ലോ.

നാട്ടിൽ മിയ്ക്ക ധനഷോ നികേതനം
കേട്ട കേട്ട തെരുവേ കൃതാടനം
വാട്ടമററ മുനിപുണ്യസമ്പദാ(ം)
നേട്ടമെൻമനസി വാഴ്ക സന്തതം. വ്വ

മിയ്ക്ക ചാപഭവനേ വിരഞ്ഞുടൻ
പുക്കു വില്ലു കലയേററി ലീലയാ
ഉൾക്കരുത്തിനൊട്ട നിൻറ തേജസാം
ചക്രമെൻമനസി വാഴ്ക സന്തതം. വ്ൻ

എട്ടു ദിക്കുമതിമാനി കംസനും
ഞെ(ട്ട?ട്ടെ)വില്ലു നടുവേയൊടിച്ചവൻ
ശിഷ്ടമോദകരനായ(ർ) യോഷിതാ(ം)
(ഇഷ്ടനെ)ൻമനസി വാഴ്ക സന്തതം. ൻഠ

തിണ്ണു ചാപമുറികൊണ്ടു കൊട്ടിയ-
ക്കാത്തിരുന്നവർകൾജീവിതം ക്ഷണാൽ,
ചിത്കാന്തി നിഖിലൈകദൈ(സ്സ?വ)തം
(ജയത്ര?ജൈത്ര)മെൻമനസി വാഴ്ക സന്തതം. ൻ൧

ത്തക്കമീടിനബലം ഗജേന്ദ്രനെ
പ്പോർക്കൽ (വെച്ചു?വച്ചു)സുകരം വധിച്ചവൻ
കാക്കലച്ഛവിയൊരാച്ചിന(ന്ദം?ന്ദനൻ)
ശ്ലാഘ്യനെൻമനസി വാഴ്ക സന്തതം. ൻ൨

---

വ്വ. ധ............നം=ധനുര്യാഗസ്ഥാനം, കേ...ട്ട്=ചോദിച്ചു ചോദിച്ച്; കൃതാടനം=നടയുടന്നു. മു.....ദാം=ഋഷി മുനിമാരുടെ പുണ്യസമ്പത്തുകളുടെ (ഈ വിശേഷണങ്ങളെല്ലാം ഭഗവാനേത്തന്നെ ലക്ഷിക്കുന്നു.)

വ്ൻ. തേ.. .. ക്രം=തേജസ്സമൂഹം.

ൻഠ. ഞെരട്ട=ഞെട്ടത്തക്ക (നടുങ്ങത്തക്ക) വണ്ണം.

ൻ൧. ചാപമുറികൊണ്ടു കൊട്ടി ക്ഷണത്താൽ കാവൽക്കാരുടെ ജീവിതത്തെ ഒടുക്കിയിട്ട്. ചി ...ന്തി=വളരെ തേജസ്സോടുകൂടിയത്. ജൈത്രം=ജയിയ്ക്കുശീലമായിട്ടുള്ളത്.

ൻ൨. ത്തക്ക.......ലം=വളരെ ശക്തിയുള്ളതായ (ദ്വിതീയ) പോക്കൽ=പോരിൽ, 'കൂല'ശബ്ദത്തിന് സമൂഹമെന്നും അർത്ഥമുണ്ട്. ഛവി=ശോഭ.

എല്ലു കെല്ല(ു)ന്ന ഞെരിച്ച മുഷ്ടിയാൽ
മല്ലവീര(കു?കൊ)ല(ചൈ?ചെ)യ്ത ദൈവതം,
ചൊല്ലെഴിന്റ ഗുണവീര്യസമ്പദാ-
മില്ലമെൻമനസി വാഴ്ക സന്തതം. ൯൨

വീഴ്ത്തി രങ്ഗളവി കംസനെപ്പിടി-
ച്ചീഴ്ത്തു ജീവനെ(ാട്ടു?വേ)റിട്ടത്തവൻ,
ഗാത്രപല്ലവനിരന്തരശ്രീയൻ
ദീപ്തനെൻമനസി വാഴ്ക സന്തതം. ൯൩

എത്തി മാതരമുടൻ പിതാവെയും
തീർത്തവൻ ചരണപാണിബന്ധനം
ശാസ്ത്രമന്നിഗമമെൻറിവററിനാൽ
വേ(ദ്യ)നെൻമനസി വാഴ്ക സന്തതം. ൯൪

അച്ഛനും കനിവൊടമ്മയും വിര-
ഞ്ഞെത്രയും തഴുകിയശ്രു(സാ?ധാ)രയാ
സിക്ത(മു)ററ സുകൃത(ൻ?ം)തപസ്വിനാ-
ഞ്ചിത്രമെൻമനസി വാഴക സന്തതം. ൯൫

---

൯൨. കെല്ലുനെ = വേർവിടത്തക്കവണ്ണം (അപൂർവ്വപ്രയോഗം). ഗുണ….ദാം = ഗുണങ്ങളുടെയും വീര്യശ്രീയുടെയും ഇല്ലം = ഗൃഹം.

൯൩. മൂന്നാംപാദത്തിലെ 'ശ്രീയൻ' ഒരു 'തോന്ന്യാസ'മായിക്കരുതുന്ന വക്ക 'ശ്രീയാ' എന്നു പഠിയ്ക്കാം. 'ശ്രീയാ ദീപ്തൻ' എന്ന് അർത്ഥസ്വാരസ്യത്തിനും ആധിക്യം കിട്ടും. ഗ്രന്ഥത്തിൽ 'ശ്രീയൻ' എന്നുതന്നെ കാണുന്നതുകൊണ്ടു അതേപാഠം അച്ചടിച്ചിരിയ്ക്കുയാണ്.

൯൪. അമ്മയുടേയും അച്ഛന്റെയും അടുക്കൽ ചെന്ന്, അവരുടെ ബന്ധനംതീർത്തവൻ (അവക്ക് ബന്ധനത്തിൽനിന്നു മോചനം നൽകിയവൻ) എന്നാണു പൂർവാർദ്ധത്തിന്റെ അർത്ഥം. "മാതാവിനേയും പിതാവിനേയും എത്തി" ഇത്യാദി, തനിസ്സംസ്കൃതശൈലിതന്നെയാണു. നിഗമം = വേദം.

൯൫. സിക്തം = കഴുകപ്പെട്ടതു് (അഭിഷിക്തം). 'അശ്രുധാരയാ സിക്തം ഉററസുകൃതം' എന്ന് ചേർത്തന്വയിക്കുന്നതാണ് നന്ന്. ഒടുവിൽ "തപസ്വിനാം ചിത്രം" എന്നും.

70935

ക്ഷത്രിയന്നുചിത(മായിട്ടും)ക്രിയാ-
മെത്തിയുററു പുനരാഹിത(ം?) വ്രതം
തത്സംബന്ധക(രാ?ര)ണോദയം മഹ(ഃ)
സത്യമെന്മനസി വാഴുക സന്തതം. ൻ ൧

ഭക്തികൊണ്ടു മുരവൈരിയെപ്പുക-
ണ്ണിത്ഥമയ്മ്പൊടു മയാ(പാ?വി)നിമ്മിതം
(പദ്യ)ജാതമിതു നിത്യമോതുവോർ
മുക്തിയോടണവർ മുക്തസംശയം. ൻ ൨

(ശുഭം)

---

ൻ ൧. എത്തി-എന്നതിന് പ്രാപിച്ച് എന്നർത്ഥം ഗ്രഹിക്കണം. ദ്വിജത്വസംസ്കാരമായിരിക്കണം ഈ ക്രിയ. ഗോദാനവ്രതത്തിനു പൂർവ്വമാണു ബ്രഹ്മചര്യാവസാനം. തൽസുബ . ... യം = അതിന്റെ (ആ വ്രതത്തിന്റെ സമ്യങ്ങ നിർവഹണത്താൽ ഉൽകൃഷ്ടമായിട്ടുള്ളതു്.)

ൻ ൨. 'അപി' എന്നു പദച്ഛേദത്തിനു വകയുണ്ടെങ്കിലും, വിനിർമ്മിതം എന്ന പാഠമാണു അധികം ഉചിതമായിരിക്കുന്നതു. ഫലശ്രുതിരൂപമായ ഈ പദ്യത്തെ പ്രമാണിച്ചു, കൃതി പൂർണ്ണമാണെന്നു് കരുതാവുന്നതാണു. ഇടയ്ക്കു പൊടിവു അല്ലാതെ പദ്യം വിട്ടുകാണുന്നതുമില്ല.

(സമാപ്തം)

## ശ്ലോകാനുക്രമണി.


| ശ്ലോകം | പുറം | ശ്ലോകം | പുറം |
|---|---|---|---|
| അങ്ഗനാ രഹസി | ൨൦ | ഗോപിമാർ തുകിലെ | ൧൩ |
| അങ്ഗനാഹൃദയഹാരി | ൬ | ഗോവൃഷപാലനക്കരം | ൧൧ |
| അച്ഛനും കനിവോടമ്മയും | ൨൪ | ചാടിയും ഝടിതി | ൮ |
| അത്യുദാരനിനദേന | ൧൦ | ചിന്തുപാടിമഹിതേന | ൧൬ |
| അന്തമററ ചരിതോദം | ൨൨ | ചിട്ടചാപഭവനേ | ൨൫ |
| അപ്പുമന്നമഴപായ്വ | ൧൭ | ചിത്തകൈതവം | ൨ |
| അമ്മ കൈതവടവി | ൪ | ചൂതവാർമുല | ൨ |
| അമ്മയോട്ടു ദധിമന്ഥനം | ൭ | ചെവ്വോടായർനിവഹേന | ൧൯ |
| അമ്മിടാവിലുയര | ൩ | തച്ഛിതോമഹിതരത്ന | ൨൦ |
| അല്ലൂനൊരു ചൊടി | ൮ | തത്ര നന്ദനന മിഴുങ്ങി | ൧൯ |
| അസ്തമിച്ചു മധുരോ | ൨൨ | തത്ര ഭൂരിമഖ മിട്ട | ൧൦ |
| ആക്കമീടിന | ൧൪ | തത്ര വാത്സകപ | ൨൧ |
| ആക്കമീടിന ബലാ | ൨൫ | തായുടെ മടിയിൽനിന്ന | ൫ |
| ഇത്ഥമയ്മ്പിൽ | ൧൧ | താമരയൊടൊക്ക നിലയ | ൯ |
| ഇന്ദ്രനേകി വരിഷിച്ചു | ൧൭ | താലി കമ്പി തട്ടി | ൫ |
| ഇന്ദ്രവൈരിണം | ൨൬ | തിണ്ണമങ്ങരാരര | ൮ |
| ഉന്നമയ്യ ചരണം | ൨ | തീർത്തു ചാപമുറി | ൨൫ |
| ഉററ വല്ലവികൾ | ൭ | ദുഷ്ടകേശിയെ | ൨൦ |
| എട്ടിലിക്കമതിമാനി | ൨൫ | ദുഷ്ടമണ്ഡിത | ൧൨ |
| എത്തി മാതരമുടൻ | ൨൪ | നന്ദിമുററഭജനയൻ | ൧ |
| എത്തു സിദ്ധിയിതിനാൽ | ൧൭ | നാട്ടിൽ മിട്ട | ൨൨ |
| എല്ലു കെല്ലനെ | ൨൪ | നീട്ടചേരുറിയിൽ | ൩ |
| ഒക്കെബാലനിവഹേന | ൧൫ | നീരിൽ നിന്നു | ൧൮ |
| ഓടിയന്നളവിലമ്മ | ൭ | പാത്തുപാൽപകുകി | ൩ |
| കണ്ണരിഷ്ടമധികം | ൯ | പാലുവെണ്ണമുട്ടവൻ | ൬ |
| കാകപക്ഷധര | ൧൪ | പിന്നെ നാണി വിബുധാ | ൧൭ |
| കാചകൻറിനവ | ൧൨ | പുണ്യശാലിനി | ൧ |
| കാനനം പ്രതി | ൧൧ | പുഷ്പശാലിനി | ൩ |
| കാൽച്ചിലമ്പൊലി | ൪ | പ്രാവൃഷശ്രീയം | ൧൬ |
| കെട്ടുപെട്ടുവനരല്ലാൽ | ൮ | പ്രീതികൊണ്ടുമുരി | ൧൯ |
| കേവലം പരമധാമം | ൧ | ഭക്തികൊണ്ടു | ൨൬ |
| കേവലം പ്രളയവിധാന | ൯ | ഭോജരാജനതി | ൨൧ |
| കോലമയ്മ്പൊട്ടു | ൨൨ | മട്ടിണ്ണമൊഴിമാ | ൬ |
| ക്രൂരകംസവചനേന | ൨൧ | മണ്ണതിൻറളനിമിത്തം | ൭ |
| ക്രൂരവീര്യമസുരം | ൧൪ | മത്തകാളിയശിരസ്സു | ൧൫ |
| ക്ഷത്രിയന്നുചിത | ൨൬ | മയനിഞ്ഞിനിയ | ൧൦ |
| ഗർഗ്ഗനാലവിടെ വന്നു | ൫ | മിട്ട കംസഭയം | ൧ |
| ഗീതമും മഹിത | ൧൮ | മെയ് തളർത്തിനവൻ | ൧൮ |
| ഗേഹവാസ്സനിലം | ൩ | മോതിരാദികൾ | ൯ |
| ഗോപഗോപിനിവഹ | ൧൩ | യാമുനം വിഷജലം | ൧൫ |


3205/28

## ശ്ലോകാനുക്രമണി—(തുടർച്ച).


| ശ്ലോകം | പുറം | ശ്ലോകം | പുറം |
|---|---|---|---|
| ഭങ്ഗമാണെൻ ടനേ | ൪ | വിണ്ണുളാർകദംബര | ൩. |
| ഭാഗിനീമണിയിൽ | ൨ | വിസ്മയേന വിധിയാ | ൧൨ |
| രുക്മിണീമഹിത | ൧൩ | വീര്യശാലിമയനന്ദനം | ൨൧ |
| വല്ലരീണാ സുരഭി | ൧൭ | വീഴ്ത്തി രങ്ഗഭുവി | ൨൮ |
| വത്സപാലപശുപാല | ൧൩. | ചെൻറിചേരവല്ലഭാ | ൧൨ |
| വത്സരൂപരമാതലമേവം | ൧൧ | മേഘനാദമേത | ൧൬ |
| വത്സസഞ്ചയമകലേ | ൬ | ശോഭയാൽ ചുഴലെ | ൧൮ |
| വന്ദനീയചരണങ്ങൾ | ൮ | ശ്രീമതാ കുഴലുകൊണ്ട | ൧൯ |
| വിണ്ണമാർഭി | ൧൧ | ശ്രോത്രയോരിനിയ | ൧൬ |

# അപൂർവ്വപദസൂചി.


| പദം | പുറം | പദം | പുറം |
|---|---|---|---|
| ഇട്ട് (നിമിത്താർത്ഥം) | ൧ | തുണ്ണുവാ | ൯ |
| അമെറക്കളുക | ൨ | ഋരം | ൧൦ |
| ഇൻറ (പഞ്ചമ്യർത്ഥം) | ൩ | ഉലോകജനം | ൧൦ |
| കററ | ൪ | കാളയാ | ൧൦ |
| മിടാവ് | ൫ | എസ്സിന | ൧൦ |
| പൂന | ൫ | എണ്ണറിൻറ | ൧൧ |
| പതകി | ൫ | മാശ | ൧൧ |
| നുഴ്ത്ത് | ൫ | നാച്ചി | ൧൨ |
| ചിററൻ | ൬ | പൂവൽ (വിശേഷ്യം) | ൧൬ |
| ഇത്തിന | ൬ | അൽക്ക് | ൧൬ |
| ഇതറാംകണ്ണിമാർ | ൬ | അവ്വനേ | ൧൮ |
| മനോജന്മൻ | ൭ | ചെറിയൻ | ൧൯ |
| തികണ്ണീടിനോമ | ൭ | ചീരെളുഞ്ഞാൽ | ൨൧ |
| നിച്ചൽ | ൮ | ഇൻറി (വിനാർത്ഥം) | ൨൧ |
| ഭയൻ | ൯ | മൂലച്ചോതി | ൨൨ |

KOTTAYAM PUBLIC LIBRARY

KOTTAYAM

Cl. No. MA2 NAR-V Acc. No. 70935

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of 25 Ps. per day will be charged

MA2
NAR-V

70935

നാരായണ പിള്ള

വാസുദേവസ്തവം